# അഭിഷേകം

## ദേവസ്യാ മുല്ലക്കരസാർ

(ക്രിസ്തീയ ജീവിതം
എങ്ങനെയായിരിക്കണമെന്ന്
ദൈവത്തോട് ആലോചന ചോദിച്ച്
അറിയിക്കുന്ന ഈ കാലഘട്ടത്തിലെ
പ്രവാചകൻ – ലോകകത്തോലിക്കാ
മതത്തിന്റെ വചനരഹിത
ശുശ്രൂഷാജീവിതത്തിന്റെയും
"അന്യാഗ്നി അഭിഷേകത്താൽ"
വലയുന്ന കരിസ്മാറ്റിക്
സഹോദരങ്ങളുടെ കെട്ടപ്പെട്ട
അവസ്ഥകൾ കണ്ട്
ഭാരപ്പെട്ട് സദാസമയവും
നൊമ്പരപ്പെടുന്ന നല്ല
ഇടയന്റെ മനസ്സിന്റെയും ഉടമ)

## സത്യത്തിന്റെ പരിജ്ഞാനം

## പരിശുദ്ധാത്മശാസ്ത്രം ഭാഗം 5

## PNEUMATOLOGY PART 5



LEADING CHRISTIAN MAGAZINE

# ആത്മാഭിഷേകം

2017 ഫെബ്രുവരി വാല്യം 2 ലക്കം 2

# പുളിങ്ങോം ആത്മാഭിഷേകം വചനാശ്രമത്തിൽ വെച്ചുള്ള വിവിധ ധ്യാനങ്ങൾ

| | |
|---|---|
| ഫെബ്രുവരി | 20-23 വരെ കൃപാവരവളർച്ചാധ്യാനം.<br>പാസ്റ്റേഴ്സ് & ഇവാഞ്ചലിസ്റ്റ്സ് |
| മാർച്ച് | 20-24 വരെ രോഗസൗഖ്യാനുഭവധ്യാനം. ജാതിമതഭേദമെന്യേ.<br>കിടപ്പുരോഗികൾക്ക് പ്രത്യേകം കെയർ ലഭിക്കും. |
| ഏപ്രിൽ | 17-20 വരെ കൃപാവരവളർച്ചാധ്യാനം.<br>പാസ്റ്റേഴ്സ് & ഇവാഞ്ചലിസ്റ്റ്സ് |
| മെയ് | 22-26 വരെ കൃപാവരവളർച്ചാധ്യാനം.<br>ലീഡേഴ്സ് & ഹാർവെസ്റ്റേഴ്സ് |
| ജൂൺ | 19-22 വരെ രോഗസൗഖ്യാനുഭവധ്യാനം. (നാനാജാതി മതസ്ഥർ)<br>കിടപ്പുരോഗികൾക്ക് പ്രത്യേകം കെയർ ലഭിക്കും. |
| ജൂലൈ | 17-21 വരെ കൃപാവരവളർച്ചാധ്യാനം.<br>ലീഡേഴ്സ് & ഹാർവെസ്റ്റേഴ്സ് |
| ആഗസ്റ്റ് | 21-24 വരെ കുടുംബജീവിത നവീകരണ ധ്യാനം + യുവജനധ്യാനം |
| സെപ്റ്റംബർ | 18-22 വരെ ലഹരിവിരുദ്ധ ജീവിതവിജയധ്യാനം |
| ഒക്ടോബർ | 16-19 വരെ കൃപാവരവളർച്ചാധ്യാനം.<br>പാസ്റ്റേഴ്സ് & ഇവാഞ്ചലിസ്റ്റ്സ് |
| നവംബർ | 20-24 വരെ കൃപാവരവളർച്ചാധ്യാനം.<br>ലീഡേഴ്സ് & ഹാർവെസ്റ്റേഴ്സ് |
| ഡിസംബർ | 18-27 വരെ (10 days) എല്ലാവർക്കും വേണ്ടിയുള്ള<br>അനുഗ്രഹദായകമായ പ്രാർത്ഥനാനുഭവധ്യാനം |

## പൊതുകൺവെൻഷനുകൾ

. ഒന്നാം ഞായർ പാലാരിവട്ടം .രണ്ടാം ഞായർ തിരുവനന്തപുരം.
. മൂന്നാം ഞായർ കോഴിക്കോട് .നാലാം ഞായർ ഏറ്റുമാനൂർ.
.ഒന്നാം ശനി മാറി മാറി മുംബൈ, ഡൽഹി, ചെന്നൈ, കോയമ്പത്തൂർ
. രണ്ടാം ശനി തിരുവല്ല .മൂന്നാം ശനി തൃപ്പൂണിത്തുറ
. നാലാം ശനി തലശ്ശേരി

എല്ലാ മാസവും ആദ്യത്തെ ആഴ്ച പുസ്തകരചനയും പ്രാർത്ഥനയും.
എല്ലാ മാസവും മൂന്നാം ഞായർ കഴിഞ്ഞുള്ള തിങ്കൾ മുതൽ വെള്ളി വരെ പുളിങ്ങോം ധ്യാനം.
എല്ലാ മാസവും നാലാമത്തെ ആഴ്ചയിൽ തിങ്കൾ മുതൽ വിവിധയിടങ്ങളിൽ സോണൽ ബൈബിൾ സ്കൂളുകൾ.




**മേഴ്സിഡസ് ബെൻസ് കാർ**

**യേശു** തന്റെ ജീവിതം അവസാനിപ്പിച്ചത്, ഒരു മേഴ്സിഡസ് ബെൻസ്കാറിലൊ അതോ കാൽവരി ക്രൂശിലൊ? ജഡത്തിന്റെ എല്ലാ ആഗ്രഹങ്ങളും നിറവേറ്റിത്തരുവാൻ ആവശ്യമായ ഡോളറുകൾ ബാങ്കിൽ നിന്നും എടുക്കാവുന്ന ഒപ്പിട്ട ഒരു 'ബ്ലാങ്ക്ചെക്കാ'ണൊ, വിശ്വാസം? അതോ, ഈ ലോകത്തിലെ ദൈവീക പ്രവർത്തനങ്ങളുടെ വാതായനങ്ങൾ തുറക്കുവാൻ സഹായിക്കുന്ന താക്കോലൊ? ലൂക്ക.9:23,24,25-ൽ "എന്നെ അനുഗമിക്കാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ച് നാൾ തോറും തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ. ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും; എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാലൊ അതിനെ രക്ഷിക്കും. ഒരു മനുഷ്യൻ സർവ്വലോകവും നേടിയിട്ടും തന്നെത്താൻ നഷ്ടമാക്കിക്കളയുകയൊ ഛേദം വരുത്തുകയൊ ചെയ്താൽ അവനെന്ത് പ്രയോജനം?"

2017 പിറന്നിട്ട് ഒരു മാസം പിന്നിട്ടതേയുള്ളൂ. വായനക്കാർ ദൈവത്തിൽനിന്നും എന്തൊക്കെയാണ് ഈ വർഷം പ്രതീക്ഷിക്കുന്നത്? അനുതപിക്കാനും, മാനസാന്തരപ്പെടുവാനും വീണ്ടുംജനിക്കുവാനും, നാം തയ്യാറാണെങ്കിൽ ആദ്ധ്യാത്മികരംഗത്ത് അഭിഷേകത്തിന്റെ പുത്തൻ വാതായനങ്ങൾ തുറന്ന് തരാൻ ദൈവം ഒരുക്കമാണ്. ആത്മീയരംഗത്ത് ഒരു വളർച്ച തരുവാൻ കർത്താവ് ഒരുക്കമാണ്.

മത്താ.13:22,23 "ഒരുത്തൻ വചനം കേൾക്കുന്നു എങ്കിലും ഈ ലോകത്തിന്റ ചിന്തയും ധനത്തിന്റെ വഞ്ചനയും വചനത്തെ ഞെരുക്കിയിട്ട് നിഷ്ഫലനായി തീരുന്നതാകുന്നു. നല്ല നിലത്ത് വിതയ്ക്കപ്പെട്ടതോ ഒരുത്തൻ വചനം കേട്ട് ഗ്രഹിക്കുന്നതാകുന്നു. അത് വളർന്ന് നൂറും അറുപതും മുപ്പതും മേനി നൽകുന്നു." ജീവനത്തിന്റെ ചിന്തയും, ധനത്തിന്റെ വാഞ്ഛയും ലോകപരമായ സ്വത്തുക്കളും അധികാരങ്ങളും അധികമധികമായി കൈവശമാക്കാനുള്ള വ്യാമോഹവും ദൈവരാജ്യത്തിന് യോജിച്ചതോ? ഒരിയ്ക്കലുമല്ല. സമൃദ്ധിയുടെ ദൈവശാസ്ത്രത്തെയും, വിശ്വാസവചനങ്ങളെ ആവർത്തിച്ച് പ്രാർത്ഥിച്ച്, അനേകമനേകം ദിവസം ഊരുചുറ്റി സഞ്ചരിച്ച് ക്രൂസേഡുകൾ നടത്തി, ദൈവരാജ്യത്തെ വെട്ടിപ്പിടിക്കാമെന്ന് വ്യാമോഹിക്കുന്നവയൊന്നും ദൈവാത്മാവിന്റെ സുവിശേഷവേലയല്ല. സമൃദ്ധിയുടെ ദൈവശാസ്ത്രം ഒരിക്കലും ക്രിസ്തുവിന്റെതല്ല. അതൊരു അത്യാഗ്രഹ സുവിശേഷമാണ്. 'Name it and Claime it'

## Contents


**എഡിറ്റോറിയൽ** ........ **3,4**
**പരിശുദ്ധാത്മ ശാസ്ത്രം** ........ **6-15**
**ആരാധനാ കേന്ദ്രങ്ങളും ശുശ്രൂഷകരും** ........ **16-21**
**പരിശുദ്ധാത്മ ശാസ്ത്രം** ........ **21-33**
**വാർത്തകൾ** ........ **34**
**പ്രോഗ്രാം കലണ്ടർ** ........ **2,35**
**സാക്ഷ്യങ്ങൾ** ........ **24, 31**

# മെഴ്സിഡസ് ബെൻസ് കാർ

## എഡിറ്റോറിയൽ



ദേവസ്യാ മുല്ലക്കര സാർ

എന്നു പറയുന്ന ഒരു വൈദേശിക പ്രാർത്ഥനാ ഇറക്കുമതി ചരക്കാണത്. നിങ്ങൾ ഡൽഹി നഗരത്തിനുവേണ്ടിയൊ മുംബൈ നഗരത്തിനുവേണ്ടിയൊ ചെന്നൈ നഗരത്തിനുവേണ്ടിയൊ ബാംഗ്ലൂർ, കൊച്ചി നഗരങ്ങൾക്കുവേണ്ടിയോ ഒരായിരം കൊല്ലം ഉപവസിച്ച് പ്രാർത്ഥിച്ചാലും, ഒരു കെട്ടിടവും കാശു കൊടുക്കാതെ കിട്ടില്ല. വാടക കൊടുക്കാതെ കിട്ടില്ല, നിങ്ങൾ രോഗസൗഖ്യത്തിന്റെയൊ വേറെ അത്ഭുതങ്ങളുടെയും അടയാളങ്ങളുടെയും ആയിരം പാട്ട് പാടി ആരാധിച്ചാലും ഒരാളും വിശ്വാസസ്നാനം സ്വീകരിച്ച് ഒരു വിശുദ്ധസഭ തുടങ്ങാൻ തക്കവണ്ണം യാതൊന്നും സംഭവിക്കുകയില്ല. നിങ്ങൾ പ്രാർത്ഥിച്ച് ദർശനം പ്രാപിച്ച് മാത്രം ഇറങ്ങുക. ഗവൺമെന്റിനെ മാറ്റാൻവേണ്ടി നിങ്ങൾ ആയിരം പേർ പ്രാർത്ഥിച്ചുപവസിക്കുന്നതിന് പകരം, പ്രാർത്ഥിച്ച് ദർശനം പ്രാപിച്ച്, ദൈവഹിതം അറിഞ്ഞിട്ട്, അത് ദൈവഹിതമാണെന്നുറപ്പ് വരുത്തിയിട്ട് പുറപ്പെടുക. ദൈവത്തിനും മനസ്സിലാകണം സുവിശേഷത്തെ അറിയിക്കുക എന്ന ലക്ഷ്യം മാത്രമെ നിങ്ങൾക്കുള്ളു എന്ന്. തെറ്റായ പ്രവചനമൊ, ധനസമ്പാദനലക്ഷ്യമൊ, ആണ് നിങ്ങളുടെ വിശ്വാസപ്രകടന പ്രാർത്ഥനയുടെ ലക്ഷ്യമെന്ന് ദൈവമറിയുന്നു എങ്കിൽ അത്തരം പ്രകടനങ്ങളൊക്കെയും വെള്ളത്തിൽ വരച്ച വര പോലെയാകും. നേരെമറിച്ച് ഒരു സഭയെ സ്ഥാപിച്ച് ഒരു ദൈവദാസനെക്കൂടി അവിടെ പാർപ്പിച്ച് "ഞാൻ എന്റെ സഭയെ പണിയുമെന്ന" (മത്താ.16:18) കർത്താവിന്റെ പ്രഖ്യാപനത്തെ യഥാർത്ഥത്തിൽ സപ്പോർട്ട് ചെയ്യുമെന്ന് കർത്താവ് കണ്ടാൽ, സഭ കർത്താവിന്റേതാകയാൽ കർത്താവ് വളർത്തുക തന്നെ ചെയ്യും. ആ പാസ്റ്റർക്കും നിങ്ങൾക്കും ആവശ്യമായ അഭിഷേകവും രാജ്യാന്തരമായ വളർച്ചയുമൊക്കെ ദൈവം നൽകും.

എന്നാൽ കർത്താവിന്റെ ഇഷ്ടത്തിനനുസരിച്ചല്ലാതെ ബൈബിൾ സത്യങ്ങൾക്കനുകൂലമായിട്ടല്ലാതെ പതിനായിരങ്ങളെ ആകർഷിക്കുന്ന സഭകളുണ്ട്. ആ സഭകളിലൂടെയും സഭകളുടെ ശുശ്രൂഷകന്മാരിലൂടെയും അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കുന്നത് സാത്താനാണ്. സാത്താന്റെ രാജ്യത്തിലെ ശുശ്രൂഷകളാണ് പുണ്യാവാന്മാരെയും പുണ്യവതികളെയും ഉപയോഗിക്കുന്നതും ബിംബാരാധനയെയും ചൈൽഡ് ബാപ്റ്റിസത്തെയും അംഗീകരിക്കുന്ന പള്ളിക്കർമ്മാദികളോടുകൂടിയായവയെല്ലാം. ക്രിസ്തുവും അപ്പൊസ്തലന്മാരും പരിശുദ്ധാത്മാവിൽ ചെയ്ത ശുശ്രൂഷകളൊക്കെയും നമുക്കും ആത്മാവിൽ ചെയ്യാം. ഊതിവീഴ്ത്തലുകളും ഉന്തിവീഴ്ത്തലുകളും വെള്ളം തെളിച്ച് വീഴ്ത്തലും കൈവീശി വീഴ്ത്തലുമൊക്കെ ക്രിസ്തുവും അപ്പൊസ്തലന്മാരും ചെയ്യാത്ത ശുശ്രൂഷകളാണ്. അതുകൊണ്ട് തന്നെ ഈ അന്ത്യകാലത്ത് അന്തിക്രിസ്തുവിന്റെ ദുരാത്മാവ് പ്രചരിപ്പിക്കുന്ന വ്യാജശുശ്രൂഷകളാണ് അവയൊക്കെയും. ടൊറൊന്റൊ ബ്ലസ്സിംഗ് എന്നറിയപ്പെടുന്ന വിശുദ്ധചിരിയും വിശുദ്ധചർദ്ദിയും വലിയ ഡാൻസോടുകൂടിയ വർഷിപ്പും സാത്താന്റേതുതന്നെ.

ചീഫ് എഡിറ്റർ: ദേവസ്യാ മുല്ലക്കരസാർ
എഡിറ്റർ: പാ:ടോമിച്ചൻ വട്ടപ്പാറയിൽ
സർക്കുലേഷൻ മാനേജർ:
പാ: ജോയിച്ചൻ
പാ: അബ്രാഹം, പാ: ജോർജ്ജ്,
പാ:സോജൻ പാ: യേശുദാസ്,
പാ: മാത്യു, പാ: ജോണി
ആർട്ടിസ്റ്റ്: ജോസഫ് ഫ്രാൻസിസ്,
ഡി.റ്റി.പി: സ്നേഹ ജോയിച്ചൻ,
ഇംഗ്ലീഷ് പരിഭാഷ: സംഗീത ചെന്നൈ,
സ്റ്റിൽസ്: പ്രിൻസ് കമ്പല്ലൂർ,
ലേഔട്ട് & ഡിസൈൻ : ജസ്റ്റിൻ

# പ്രാർത്ഥനാ സഹായങ്ങൾക്ക് വിളിക്കുക

# ദേവസ്യാ മുല്ലക്കര സാർ

# 9388371777, 9946635111

## സമയം: രാവിലെ 7 മുതൽ 9 വരെ

## പ്രാർത്ഥനാ സഹായങ്ങൾക്കും കത്തിടപാടുകൾക്കും

### എറണാകുളം അഡ്രസ്സ്:

ദേവസ്യാ മുല്ലക്കര, കൂടാരം വില്ല,
ഹൗസ് നമ്പർ 70, പുളിക്കില്ലം
വെസ്റ്റ് റോഡ്, ചെമ്പുമുക്ക്,
കൊച്ചി-682 030.
കേരള, സൗത്ത് ഇന്ത്യ.

### ഹെഡ്ഡ് ഓഫീസ് അഡ്രസ്സ്:

ദേവസ്യാ മുല്ലക്കര, PB.No.1
ചെറുപുഴ P.O
കണ്ണൂർ (ജില്ല), കേരളം.
പിൻകോഡ്: 670 511.

**e-mail: ekmoffice@gmail.com**
**our official website: www.churchofeternity.org**


## Cheque And Drafts ചെക്കുകളും ഡ്രാഫ്റ്റുകളും

### അയക്കേണ്ട വിലാസം:

Devasia mullakkara
PB. No.1
Cherupuzha(P.O)
Kannur(Dist), Kerala
Pin Code: 670 511
Ph: 04985 213999

ദേവസ്യാ മുല്ലക്കര, PB.No.1
ചെറുപുഴ P.O
കണ്ണൂർ (ജില്ല), കേരള.
പിൻകോഡ്: 670 511.
Ph: 04985-213999

മണിയോർഡറുകൾ അയക്കുമ്പോൾ തുക ട്രസ്റ്റിന്, ചർച്ചിന്, ഓൾഡേജ് ഹോമിന് എന്നത് വേർതിരിച്ച് എഴുതുക. അഡ്രസ്സിൽ ഫോൺ നമ്പർ കൂടി ഉറപ്പുവരുത്തുന്നത് ഉപകാരപ്രദമായിരിക്കും. NB: NEFT വഴി തുക അയച്ച വിവരം മുകളിൽ കൊടുത്തിരിക്കുന്ന ഇ-മെയിലിലോ, വിലാസത്തിലോ, ഫോൺ നമ്പറിലോ അറിയിക്കുക.




# അഭിഷേകം

**ഊ**തിവീഴ്ത്തലുകളെയും വെള്ളമൊ കൈലേസൊ വീശി വീഴ്ത്തലുകളെയും പിശാചിനെ ഇറക്കി വിടുവാൻ പലവിധ ഉപവാസപ്രാർത്ഥനാ ''അത്യദ്ധ്വാനം ചെയ്യലുകളെയും''''ഹൈപവ്വർ ഗിഫ്റ്റുകൾ'' അഥവാ ''ഹൈപ്പർ ഗിഫ്റ്റുകൾ'' എന്ന് ചിലർ നാമകരണം ചെയ്യുന്നു; ഇവയ്ക്കൊന്നിനും വേണ്ടത്ര വേദാധാരമില്ല. അന്യഭാഷയും ദർശനം പ്രാപിക്കലിനും വേദാധാരമുണ്ട്. അവയൊരിയ്ക്കലും വ്യാജമായ അനുകരണമൊ മറ്റുള്ളവരെ കാണിക്കാൻവേണ്ടിയൊ ആകാൻ പാടില്ല എന്നു മാത്രം. ഇവ അവരവർക്കും സഭയ്ക്കും കൂടുതൽ തീക്ഷ്ണതയോടെ ദൈവത്തെ സ്തുതിക്കുവാനാണ്. പ്രവചനവരമോ, രോഗസൗഖ്യാനുഭവവരമോ, വീര്യപ്രവൃത്തികളുടെ വരമൊ ആണ് സഭയെ വളർത്തുവാൻ പരിശുദ്ധാത്മാവ് നൽകുന്ന സ്പെഷ്യൽ ഗിഫ്റ്റുകൾ. ചർച്ച് ഓഫ് ഇറ്റേണിറ്റിയിലെ എല്ലാ പാസ്റ്റർമാർക്കും, ദൈവം, ഈ കൃപകൾ സമൃദ്ധമായി കൊടുത്തിരിക്കുന്നു. കൂടാതെ അവർ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ ഗംഭീരമായി പ്രസംഗിക്കുന്നു. അത് ജ്ഞാനവരവും അറിവിന്റെ വരവും ദൈവം, അവർക്ക് കൊടുത്തിരിക്കുന്നതിനാലാണ്. അവർക്ക് ഏവർക്കും വിശ്വാസത്തിന്റെയും വിവേചനത്തിന്റെയും കൃപകളുമുണ്ട്. എല്ലാ വിശ്വാസികളിലേയ്ക്കും ദൈവം ഈ കൃപാവരങ്ങൾ നൽകിയിരിക്കുന്നതിനാൽ അവരെല്ലാവരും "തെറ്റിപ്പോകാതെ" വിശ്വാസജീവിതം പ്രത്യാശയോടെയും സ്നേഹത്തോടെയും കൂട്ടായ്മയുടെ പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ടും ജീവിക്കുവാൻ ശ്രമിക്കുന്നു. ദൈവാത്മാവ് സകല വിശ്വാസികളെയും അവരുടെ ആത്മീയജീവിതത്തെയും സുരക്ഷിതത്വം കൊടുത്ത് അനുഗ്രഹിച്ചിരിക്കുന്നു. സാത്താനും അവന്റെ ബന്ധുമിത്രാദികൾക്കും വലിയ പ്രയാസമാണിങ്ങനെ കാണുന്നത്. പക്ഷേ കർത്താവ് മഹത്വമെടുക്കും. രോഗസൗഖ്യവരങ്ങളെയൊക്കെ പുച്ഛിക്കുന്നവർ, ലോകത്തിലൊത്തിരിയുണ്ട്. പഠിക്കേണ്ടതുപോലെ ബൈബിൾ പഠിക്കാത്തവർക്കാണ് ഈ കുഴപ്പം. അവരും പഠിക്കേണ്ടതുപോലെ പഠിക്കുമ്പോൾ ഈ "കോൺഗ്രിഗേഷനൽ ഫാൾസ്" തിരുത്തപ്പെട്ടുകൊള്ളും.

കോട്ടയം ജില്ലയിലെ വയല എന്ന സ്ഥലത്ത് മണി – അന്നമ്മ ദമ്പതികൾക്ക് പരിശുദ്ധാത്മാവ് ചെയ്ത ഒരു സത്യസംഭവം എഴുതട്ടെ. അവർ എഴുതി തന്ന ലെറ്റർ പ്രസിദ്ധീകരിക്കാം, ഫോട്ടോകളും. എന്റെ പേര് മണി. ഭാര്യയുടെ പേര് അന്നമ്മ. ഞങ്ങൾ താമസിക്കുന്നത് കോട്ടയം ജില്ലയിൽ വയല എന്ന സ്ഥലത്താണ്. ഞങ്ങളുടെ വിവാഹം കഴിഞ്ഞിട്ട് 24 വർഷങ്ങളായിട്ടും കുഞ്ഞുങ്ങളെ ലഭിച്ചില്ല. പലവിധ ചികിത്സകൾ ചെയ്തിട്ടും ഫലമുണ്ടായില്ല. അപ്പോഴാണ് 2009-ൽ ദേവസ്യാ മുല്ലക്കരസാർ, കോട്ടയം, പടിഞ്ഞാറേക്കര ഓഡിറ്റോറിയത്തിൽ ശുശ്രൂഷയ്ക്കായി വരുന്നുണ്ടെന്നറിഞ്ഞത്. ഞങ്ങൾക്കവിടെ പോയി സാറിന്റെ വചനശുശ്രൂഷയിൽ പങ്കാളിത്തം വഹിക്കുവാൻ കർത്താവ് കൃപ തന്നു. വചനശുശ്രൂഷയ്ക്കുശേഷം സാറിനെ വ്യക്തിപരമായി കണ്ട് പ്രാർത്ഥിപ്പിക്കുവാൻ സാധിച്ചു. അപ്പോൾ സാർ പ്രാർത്ഥിച്ച് പ്രവചിച്ച് പറഞ്ഞു. കർത്താവ് 7 എന്ന അക്കം ദർശനത്തിൽ കാണിക്കുന്നുണ്ട്. 7 മാസത്തിനുള്ളിലൊ, ചിലപ്പോൾ 7-ാം വർഷമൊ കർത്താവ് ഒരു കുഞ്ഞിനെ ഉറപ്പായും തരും. നിങ്ങൾ എല്ലാവിധത്തിലുമുള്ള ബിംബാരാധനയൊ, വണക്കമൊ ഒക്കെ ഉപേക്ഷിച്ച് ബൈബിളിൽ പറയുന്ന പ്രാർത്ഥനാരീതിയും വിശ്വാസരീതിയുമുള്ള ഒരു ചർച്ചിൽ പോയി

# Fundamental Knowledge of True Theology - Chapter :20

# PNEUMATOLOGY

## PART 5

# അഭിഷേകം

സത്യദൈവത്തെ ആരാധിക്കുക. ഞങ്ങൾ ചർച്ച് ഓഫ് ഇറ്റേണിറ്റിയുടെ കോട്ടയം - പാലാ ചർച്ചുകളുടെ, പാ.ടോമിച്ചൻ ആദ്ധ്യാത്മികനേതൃത്വം കൊടുക്കുന്ന കോട്ടയം ചർച്ചിൽ അംഗത്വമെടുത്ത് ബൈബിൾ അധിഷ്ഠിതമായി പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട പ്രാർത്ഥനാജീവിതം തുടർന്നു. ചർച്ച് പാസ്റ്ററും വിശ്വാസികളും ഏറ്റുമാനൂർ ചർച്ചിലെ പാ.സിബിച്ചനുമൊക്കെ ഞങ്ങൾക്ക് കുഞ്ഞുണ്ടാകുവാൻ നിരന്തരമായി പ്രാർത്ഥിക്കുകയും ആ പ്രാർത്ഥനയിലൂടെ ഞങ്ങളുടെ വിശ്വാസജീവിതം കർത്താവിന് സ്വീകാര്യമാവുകയും ചെയ്തു. ദേവസ്യാ മുല്ലക്കരസാറിന്റെ ഒരു പ്രത്യേക ആത്മീയപരിപാടിയാണ് ഒരു ലക്ഷം ഭവനങ്ങൾ, സഭയിലെ പാസ്റ്റർമാരോടുകൂടി സന്ദർശിച്ച് വചനവും ദൂതും പറയുക എന്നത്. കോട്ടയം ചർച്ചിന്റെ ഊഴമായപ്പോൾ 67000 ഭവനങ്ങൾ കഴിഞ്ഞിരുന്നു. ഞങ്ങളുടെ വീട്ടിലും കർത്താവ്, സാറിനെയും ടോമിച്ചൻ പാസ്റ്ററിനെയും കൂട്ടിക്കൊണ്ടുവന്നു. നിരവധി അയൽക്കാരും ഞങ്ങളുടെ വീട്ടിലുണ്ടായിരുന്നു. കൂട്ടായ്മ കഴിഞ്ഞ് വ്യക്തിപരമായ പ്രാർത്ഥനയ്ക്കിരിക്കുമ്പോൾ ഞങ്ങൾക്ക് 24 വർഷമായി മക്കളില്ല എന്ന് പറഞ്ഞ ഞങ്ങളോട് 7 വർഷം മുമ്പ് കണ്ടതും പറഞ്ഞതുമൊന്നും ഓർക്കാതെ കർത്താവ് സാറിലൂടെ പറഞ്ഞു, ഇപ്പോൾ ഉദരത്തിൽ കുഞ്ഞ് ജനിച്ചിട്ടുണ്ട്, എന്ന്.

ഞങ്ങൾക്ക് അത് വിശ്വസിക്കുവാൻ സാധിച്ചില്ല. ഉടനെ പരിശോധനയ്ക്ക് വിധേയമായപ്പോൾ, അത് സത്യമാണെന്ന് സ്ഥിരീകരിച്ചു. ഞങ്ങൾക്ക് വളരെ സന്തോഷമായി. 2016 നവം.27-ാം തീയ്യതി ഒരു ആൺകുഞ്ഞിനെ കർത്താവ് സമ്മാനമായി നൽകി. കർത്താവ് ദേവസ്യാ സാറിലൂടെയും, കൂട്ടായ്മയിലെ പാസ്റ്റർമാരുടെയും സഭാമക്കളുടെയും വിശ്വാസത്തോടെയുള്ള പ്രാർത്ഥനയിലൂടെയും നൽകിയ വലിയ അനുഗ്രഹത്തിനായി കോടാനുകോടി നന്ദി.

ഈ അത്ഭുത സംഭവം പരിശുദ്ധാത്മാവ് ചെയ്തതാണ്. ക്രിസ്തുവിശ്വാസമാണ് അതിനടിസ്ഥാനം. സഭയുടെ പ്ലാറ്റ്ഫോമിലാണ് സംഭവം നടക്കുന്നത്.



**മണി & അന്നമ്മ. പുല്ലാക്കിൽ വീട്. വയല. കോട്ടയം. mob: 9048419880.**

സഭാനേതാക്കന്മാരായ പാസ്റ്റർമാരുടെ വിശ്വാസവിശുദ്ധ അഭിഷേകസമന്വിത ജീവിതത്തിന് മറുപടിയാണ് ഈ സമ്മാനം. അവരെക്കൊണ്ട് പ്രവചിപ്പിക്കുന്നു. അവരെക്കൊണ്ട് വീര്യപ്രവൃത്തികൾ ചെയ്യിപ്പിക്കുന്നു; കവിഞ്ഞൊഴുകുന്ന അനുഗ്രഹങ്ങൾ വർഷിക്കപ്പെടുന്നു.

വന്ധ്യത ഒരിക്കലും സ്വർഗ്ഗത്തിൽ പോകുന്നതിന് തടസ്സമല്ല. പക്ഷേ വന്ധ്യതയും രോഗദു:ഖങ്ങളും മാറിക്കിട്ടുന്നത്, വിശ്വാസവിശുദ്ധജീവിതത്തെ ആത്മീയമായി വളർത്തി ഉയർത്തുകതന്നെ ചെയ്യും എന്നതിന് സംശയമില്ല. പഴനിയമഗ്രന്ഥങ്ങളിലും പുതിയനിയമഗ്രന്ഥങ്ങളിലും അത്ഭുതങ്ങളേറെയുണ്ട്. പഴയനിയമത്തിൽ പ്രധാനമായും മോശയും ഏലിയാവും ഏലീശയുമാണ് ഇത്തരം അഭിഷേകശുശ്രൂഷകൾ കൂടുതൽ ചെയ്തത് എന്ന് നമുക്കറിയാം. പുതിയനിയമത്തിൽ യേശു തൊണ്ണൂറ് ശതമാനവും അപ്പൊസ്തലന്മാർ ബാക്കി പത്ത് ശതമാനവും എന്ന് വേണമെങ്കിൽ പറയാം. ഈ കാലഘട്ടത്തിൽ വ്യത്യസ്ത സഭകളിലെ പ്രമുഖ വിശ്വാസികളിലൂടെയും പൗരോഹിത്യസഭകളിലെ സമർപ്പണമുള്ള ചിലരിലൂടെയും, ദൈവം ഇത്തരം വൻകാര്യങ്ങൾ ചെയ്യുമ്പോൾ ചിലർ ഇത്തരം നഗ്നസത്യങ്ങളെ അംഗീകരിക്കാതെ, സഭാശുശ്രൂഷകളും

## Fundamental Knowledge of True Theology - Chapter :20

# PNEUMATOLOGY

## PART 5

# അഭിഷേകം

പുസ്തകരചനകളും മാത്രം ആയി നീങ്ങുന്നതും മറ്റ് ചിലർ ഹൈപ്പർ ഗിഫ്റ്റുകളെന്ന് പേരിട്ട ഹൗളിംഗുകളും കൈവീശി വീഴ്ത്തലുകളും വിശുദ്ധ ചിരി, വിശുദ്ധ ഛർദ്ദി തുടങ്ങിയ ടൊറൊന്റൊ ബ്ലസ്സിംഗുകളുമായി നീങ്ങുന്നതും അന്യാഗ്നിയും വന്യാഗ്നിയും ആളിക്കത്തിക്കലാണെന്ന് അടിവരയിട്ട് എഴുതട്ടെ!

കൃപാവരങ്ങളുടെ ഉപയോഗക്രമത്തിനിടയിൽ പിശാച് വന്ന് കളവിതച്ചിട്ട് പോകുന്നത് നാം അറിയാതെ പോകാം ("മനുഷ്യൻ ഉറങ്ങുമ്പോൾ അവന്റെ ശത്രു വന്ന്, കോതമ്പിന്റെ ഇടയിൽ കള വിതച്ചിട്ട് പോയിക്കളഞ്ഞു" മത്തായി13:25). പിശാച് വരങ്ങൾ കൂടുതൽ ഉപയോഗിക്കുന്ന വ്യക്തികളിൽ അവ തെറ്റായ സന്ദേശം നൽകുന്ന വിധത്തിലാക്കിയെന്നിരിക്കും. കൃപാവരങ്ങളുടെ തെറ്റായ ഉപദേശത്തോടൊപ്പം പാഷണ്ഡോപദേശങ്ങളും, സാത്താൻ സഭയിൽ മിഴിവോടെ അവതരിപ്പിക്കാൻ ശ്രമിക്കാതിരിക്കില്ല. യാക്കോബിന്റെ പുസ്തകം ഇങ്ങനെ പറയുന്നു "ഉറവിന്റെ ഒരേ ദ്വാരത്തിൽ നിന്ന് മധുരവും കയ്പ്പും ഉള്ള വെള്ളം പുറപ്പെട്ടു വരുമോ? സഹോദരന്മാരേ, അത്തിവൃക്ഷം ഒലിവു പഴവും മുന്തിരിവള്ളി അത്തിപ്പഴവും കായ്ക്കുമോ? ഉപ്പുറവയിൽ നിന്ന് മധുരമുള്ള വെള്ളം പുറപ്പെടുകയുമില്ല" (3:11,12)

പക്ഷെ തെറ്റായ ഉപദേശത്തെയും (പാഷണ്ഡോപദേശങ്ങളെയും) കൃപാവരങ്ങൾ ഉപയോഗിക്കുന്നവർക്കെതിരേ പിശാചുണ്ടാക്കുന്ന "അൽക്കുൽത്തുകളെ"യും യഥാർത്ഥ ക്രിസ്ത്യാനി ഭയപ്പെടേണ്ടതില്ല. യഥാർത്ഥ ക്രിസ്ത്യാനികൾ വരദാനങ്ങളെയും വചനവ്യാഖ്യാനങ്ങളെയും ഉത്തമമായി ത്തന്നെ ഉപയോഗിച്ച് നല്ല ക്രിസ്തീയ സാക്ഷ്യത്തോടെ ജീവിച്ച് നിത്യതയെ പ്രാപിക്കുക തന്നെ ചെയ്യും. 1 കൊരി.13-ൽ "പൂർണ്ണമായതു വരുമ്പോഴൊ അംശമായത് നീങ്ങിപ്പോകും" എന്നുള്ളതുകൊണ്ടും കൃപാവരവും ജ്ഞാനവും പ്രവചനവും അംശങ്ങളാണെന്നും (1 കൊരി.13:8,9) പറഞ്ഞിരിക്കുന്നതിനാൽ ചിലർ അത്തരം കൃപാവരങ്ങളെ ഇകഴ്ത്തിയെഴുതുന്നതും പ്രസംഗിക്കുന്നതുമെല്ലാം പരിശുദ്ധാത്മാവിനെതിരാണ്. പൂർണ്ണമായത് എന്നത് ബൈബിൾ വെളിപ്പാടാണെന്നും ക്രിസ്തുവിലൂടെയുള്ള ദൈവീകവെളിപ്പാടാണെന്നും പറഞ്ഞ് കൃപാവരങ്ങൾക്കിട്ട് ഇടിയ്ക്കണമെന്നും കൃപാവരങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നവർക്കിട്ടിടിയ്ക്കണമെന്നും എഴുതുന്നവരും പ്രസംഗിക്കുന്നവരും തിരുത്തി മാനസാന്തരപ്പെടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. യഥാർത്ഥ പൂർണ്ണത നമ്മുടെ നിത്യദർശനമാണ്. അവിടെ പിതാവും പുത്രനും പരിശുദ്ധാത്മാവും എന്ന ത്രീയേകദൈവത്തോടൊപ്പമാണ് ഓരോ വിശ്വാസിയും വിശ്വാസികൾ ആകുന്ന സംഘാതമണവാട്ടിയും. അപ്പോൾ പിന്നെ അന്യഭാഷയ്ക്കും പ്രവചനത്തിനും ഒന്നും പ്രസക്തി കാണുകയില്ല. ഇന്ന് അവയൊക്കെ അത്യാവശ്യവുമാണ്. ഭൂമിയിലെ പൂർണ്ണത എന്നു പറയുന്നത് അനുദിനം പരിശുദ്ധാത്മാവിന്റെ നടത്തിപ്പ് അനുഭവിയ്ക്കലാണ്. യോഹ.16:13-ൽ "സത്യത്തിന്റെ ആത്മാവ് വരുമ്പോഴൊ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും; അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കുകയും വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ചുതരികയും ചെയ്യും." ഈ വചനമനുസരിച്ച് സത്യാത്മാവ് നമ്മെ എല്ലാക്കാര്യങ്ങളിലും വഴി നടത്തും. ഒന്നാമത്തെ വഴിനടത്തൽ പ്രാർത്ഥനാജീവിതത്തിൽ വലിയ ആത്മീയ അനുഭവങ്ങൾ തരും. രണ്ടാമത്തേത്, കുടുംബജീവിതത്തിൽ തുറന്ന മനസ്സോടെയുള്ള സ്നേഹവും ദൈവം നമ്മുടെയുള്ളിൽ വസിക്കുന്ന അനുഭവവും. സഭാത്മകജീവിതമാണ് മൂന്നാമത്തേത്. സഭാനേതാവും കൂട്ടായ്മയുമായുള്ള ശക്തമായ ആത്മീയബന്ധം. കൂടെക്കൂടെ നടക്കുന്ന കൺവെൻഷനുകളിലും ഹൗസ്ചർച്ച് കൂട്ടായ്മകളിലും ഒക്കെ, പ്രാർത്ഥനയുടെയും സ്നേഹത്തിന്റെയും മനസ്സോടെ അഭിഷേകത്തോടെ ആയിരിക്കുകയും ചെയ്യുക.

ഇത്തരം അഭിഷേകത്തെപ്പറ്റിയും പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനെപ്പറ്റിയും എഴുതുമ്പോൾ 24 കൊല്ലത്തെ ദാമ്പത്യജീവിതത്തിനിടയിൽ ഈ ലോകത്തിൽ ആ ദമ്പതികൾക്ക് ഒരു കുഞ്ഞിനെ കിട്ടുക

# Fundamental Knowledge of True Theology - Chapter :20

## PNEUMATOLOGY
PART 5

# അഭിഷേകം

എന്ന ഏറ്റവും വലിയ സന്തോഷം, അവർക്ക് ലഭിച്ചില്ലായിരുന്നുവെങ്കിൽ ഈ ലോകജീവിതം അവർക്ക് എത്ര അസഹ്യമാകുമായിരുന്നു, എന്ന് നാം ഓർത്ത് നോക്കുക. അങ്ങനെയെങ്കിൽ, പരിശുദ്ധാത്മാവിന്റെ നടത്തിപ്പ് എങ്ങനെയായിരുന്നുവെന്നും ആലോചിക്കുക! ഏഴ് വർഷത്തെ സ്ഥിരമായ പ്രാർത്ഥനാജീവിതം, സഭാത്മകജീവിതം. ആ ഏഴ് വർഷവും ഒരു കുഞ്ഞിനെ ലഭിക്കാനുള്ള അവരുടെ നിരന്തരശ്രമങ്ങൾ. അത് ലഭിച്ചപ്പോൾ അത് അറിയിക്കാൻ കൃത്യമായി ആ അഭിഷേകം പ്രാപിച്ച വ്യക്തിയും കൂട്ടായ്മയും എത്തുന്നു. ആ അഭിഷിക്തൻ ദിവ്യസത്യദർശനം പ്രാപിച്ച് ഇപ്പോൾ ആ അമ്മയുടെ ഗർഭപാത്രത്തിൽ കുഞ്ഞുണ്ടെന്ന് പറയുന്നു - ഇതൊക്കെ ആത്മാവിന്റെ നടത്തിപ്പാണ്. ദൈവത്തോടുള്ള ആരാധനയിലും വചനമർമ്മങ്ങളറിയുന്നതിലും കലപിലകളില്ലാത്ത വിശുദ്ധസ്നേഹത്തിന്റെ കൂട്ടായ്മയിലും, കുടുംബത്തിലും ഉണ്ടാകുന്ന ഈ ഊഷ്മളമായ സ്നേഹത്തിന്റെ സ്വഭാവത്തെയാണ് അഭിഷേകം എന്ന പദംകൊണ്ടുദ്ദേശിക്കുന്നത്.

### പുത്രത്വത്തിന്റെ അഭിഷേകം

ഭൂതകാലനിത്യതയിൽ ത്രീയേകദൈവം ത്രിത്വത്തിന്റെ ഏകദൈവഭാവത്തിലായിരുന്നു. ആ ഭൂതകാല നിത്യത എങ്ങനെയായിരുന്നുവെന്ന് നമുക്ക് ഊഹിക്കുവാൻ പോലും കഴിയില്ലായിരുന്നു. പ്രപഞ്ചസൃഷ്ടിപ്പിന് മുമ്പ് തന്നെ, (ലോകസ്ഥാപനത്തിന് മുമ്പ്തന്നെ) ഒരു പുത്രത്വവും അഭിഷേകവും നൽകി നമ്മെ അനുഗ്രഹിച്ചുയർത്തണമെന്ന് ദൈവത്തിന് ഒരു പദ്ധതിയുണ്ടായിരുന്നു. എഫെ.1:3 "സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും, പിതാവുമായവൻ വാഴത്തപ്പെട്ടവൻ". എഫെ.1:4 – "നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്ക്കളങ്കരുമാകേണ്ടതിന്, അവൻ ലോകസ്ഥാപനത്തിനു മുമ്പെ, നമ്മെ അവനിൽ തിരെഞ്ഞെടുക്കുകയും തിരുഹിതത്തിന്റെ പ്രസാദപ്രകാരം യേശുക്രിസ്തു മുഖാന്തരം നമ്മെ ദത്തെടുക്കേണ്ടതിന് അവൻ പ്രിയനായവനിൽ നമുക്ക് സൗജന്യമായി നൽകിയ തന്റെ കൃപാമഹത്വത്തിന്റെ പുക്ഴ്ച്ചയ്ക്കായി സ്നേഹത്തിൽ നമ്മെ മുൻനിയമിക്കുകയും ചെയ്തുവല്ലോ................." (10) അത് സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാം, പിന്നെയും, ക്രിസ്തുവിൽ ഒന്നായിചേർക്കുക എന്നിങ്ങനെ ..........വാഗ്ദത്തത്തിൽ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു (എഫെ.1:3–14). NIV ബൈബിളിൽ നമ്മെ ദത്തെടുത്തു എന്നിടത്ത് He Predestined us to be adopted us his sons through Jesus Christ എന്നാണെഴുതിയിരിക്കുന്നത്. റോമ.8:23–ൽ NIV യിൽ "For our adoption us sons" മലയാളം ബൈബിളിലെ തർജ്ജിമയുടെ ചെറിയ കുറവുകൾ നാം കണ്ടില്ലെന്ന് വയ്ക്കുകയേ നിവൃത്തിയുള്ളു. വെറും ദത്തെടുക്കലല്ല, പുത്രത്വത്തിന്റെ പൊൻപ്രഭയാണ് ആ ദത്തെടുക്കലിനുള്ളത്. ഈ പുത്രസ്വീകാര്യതയുടെ ആധികാരിക അഭിഷേകം കാന്തസ്വീകാര്യതയിലേക്കുയരുമ്പോഴുണ്ടാകുന്ന അഭിഷേകത്തെപ്പറ്റിയാണിവിടെ ഞാനുദ്ദേശിക്കുന്നത്. എന്തിന്, കാന്തയായാലല്ലേ, ആത്മീയമായാലും ശാരീരികമായാലും, ഏതേത് വിധത്തിൽ ചിന്തിച്ചാലും ദൈവത്തിന് ദൈവത്തെ പൂർണ്ണമായും നമുക്ക്പകർന്ന് തരുവാൻ കഴിയുകയുള്ളു?

### ദൈവനിർണ്ണയം

എഫെ.3:11–ൽ "അവൻ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിർണ്ണയിച്ച അനാദി നിർണ്ണയപ്രകാരം സഭ മുഖാന്തരം അറിവായി വരുന്നു" എന്ന് നാം വായിച്ചറിയുന്നു. അനാദി നിർണ്ണയത്തിന് "Eternal purpose' എന്നാണ് NIV ബൈബിളിൽ പറയുന്നത്. അതായത് പിതാവ് (ത്രീയേകദൈവം) തന്റെ ഹിതപ്രകാരം ക്രിസ്തുവിൽ ഒരു പദ്ധതിയുണ്ടാക്കി. അതൊരു നിത്യപദ്ധതിയാണ്. ഒരിക്കലും മാറ്റമില്ലാത്ത ദൈവസ്നേഹത്തിന്റെ അവിസ്മരണീയ പദ്ധതിയാണ്. അതൊരു ദൈവവ്യവസ്ഥയാണ്. യാതൊരു കാരണവശാലും ഈ ദൈവവ്യവസ്ഥ മാറുകില്ല. ഫറവോന്റെ കുടുംബത്തിനും ഭരണത്തിനും ഒരു

Fundamental Knowledge of True Theology - Chapter : 20

# PNEUMATOLOGY PART 5

# അഭിഷേകം

വ്യവസ്ഥയുണ്ടാക്കാൻ വേണ്ടി യോസേഫ് നിയമിക്കപ്പെട്ടത് പഴയനിയമത്തിൽ നാം വായിക്കുന്നു (ഉല്പ.37–50 അദ്ധ്യായങ്ങൾ). യോസേഫ് മുഖാന്തരം, ഫറവോൻ ഭക്ഷ്യവസ്തുക്കൾ ജനത്തിന് ക്രമമായി വിതരണം ചെയ്യുവാൻ പഠിച്ചു.

**അഭിഷേകം സ്വീകരിക്കാൻ പുതിയനിയമവ്യവസ്ഥ**

സത്യത്തിൽ എഫെ.3–ാം അദ്ധ്യായം 2–ാം വാക്യത്തിൽ ദൈവത്താൽ നിയമിക്കപ്പെട്ട ഒരു കാര്യസ്ഥനാണ് പൗലൊസ് അപ്പൊസ്തലനെന്നും അത് പുതിയനിയമ ദൈവീകവ്യവസ്ഥയാണെന്നും എഴുതിയിരിക്കുന്നു. "നിങ്ങൾക്കായി എനിക്ക് ലഭിച്ച ദൈവകൃപയുടെ വ്യവസ്ഥയെക്കുറിച്ച് ഞാൻ മീതെ ചുരുക്കത്തിലെഴുതിയതുപോലെ വെളിപ്പാടിനാൽ എനിക്ക് ഒരു മർമ്മം അറിവായ് വന്നു എന്ന് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. നിങ്ങൾ അത് വായിച്ചാൽ ക്രിസ്തുവിനെ സംബന്ധിച്ചിട്ടുള്ള മർമ്മത്തിൽ എനിക്കുള്ള ബോധം നിങ്ങൾക്കും ഗ്രഹിക്കാം. ആ മർമ്മം, ഇപ്പോൾ തന്റെ വിശുദ്ധ അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും, ആത്മാവിനാൽ വെളിപ്പെട്ടതുപോലെ പൂർവ്വകാലങ്ങളിൽ മനുഷ്യർക്ക് അറിവായ് വന്നിരുന്നില്ല." ഇവിടെ ദൈവം ദൈവത്തെ പകർന്നുകൊടുക്കേണ്ടതിന്റെ ദൈവീകവ്യവസ്ഥയാണുദ്ദേശിക്കുന്നത്. ആ ചാനലാണ് അഭിഷേകം. കരണ്ടിനെ പകർന്നുകൊടുക്കാൻ വയറിംഗ് എന്ന സംവിധാനമുപയോഗിക്കുന്നതുപോലെ. എഫെ.3:8–ൽ പറയുന്നത് നോക്കാം. "സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനായ എനിക്ക് ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയധനത്തെക്കുറിച്ച് പ്രസംഗിപ്പാനും സകലവും സൃഷ്ടിച്ച ദൈവത്തിൽ അനാദികാലം മുതൽ മറഞ്ഞുകിടന്ന മർമ്മത്തിന്റെ വ്യവസ്ഥ ഇന്നതെന്ന് എല്ലാവർക്കും പ്രകാശിപ്പിപ്പാനുമായ് ഈ കൃപ നൽകിയിരിക്കുന്നു". അതായത് ദൈവത്തിൽ ഒരു മർമ്മം മറഞ്ഞ് കിടന്നിരുന്നു അനാദികാലം മുതൽ. പഴയനിയമകാലത്തല്ല പുതിയനിയമകാലത്താണ് ഈ മർമ്മം ക്രിസ്തുവഴി വെളിപ്പെട്ട് കിട്ടിയത്. ദൈവത്തിന്റെ സ്നേഹവും, ദൈവത്തിന്റകൃപയും, സകല പാപവും ചെയ്ത സകല മനുഷ്യർക്കും തന്റെ ക്രൂശിതബലിയുടെ മൂല്യം മുഴുവൻ ഗ്രഹിച്ചുകൊണ്ട് തന്നിൽ ഒന്ന് വിശ്വസിക്കുവാനും മാനസാന്തരപ്പെടുവാനും വീണ്ടും ജനിക്കുവാനും സമ്മതിച്ചാൽ യാതൊരു ശിക്ഷയും കൂടാതെ തന്നെപ്പോലെ തന്നെയാക്കി പിതാവിനെ ഏൽപ്പിക്കുന്ന ആ അവർണ്ണനീയമായ കൃപ അഥവാ അഭിഷേകം തരുവാൻ യേശു തയ്യാറാണ്. പൗലൊസിന് ആ അഭിഷേകം കൊടുത്തു, ലഭിച്ചവയുമായി പൗലൊസ് നല്ല ഓട്ടം ഓടുകയും സാത്താനെതിരെ പടപൊരുതുകയും ചെയ്തു – അതുപോലെ എനിക്കും നിനക്കും ആ ശക്തമായ അഭിഷേകം തരുവാൻ കർത്താവ് ഒരുക്കമാണ്. നാം മരിക്കാതിരിക്കുകയില്ല, എന്നത് ഒഴിച്ചാൽ സർവ്വകൃപാവരങ്ങളും കൃപാവരങ്ങളുടെ അകമ്പടിയോടെ അഭിഷേകവും നമ്മുടെ കർത്താവ് നമുക്ക് തരുവാൻ ഒരുക്കമാണ്, അത് കൃപാവരമെന്നതിന്റെ അപ്പുറത്തപ്പുറത്തപ്പുറത്താണ്, ത്രീയേകദൈവം തന്നെത്തന്നെ നമുക്ക് പകർന്ന് നൽകുകയാണ്. അതുകൊണ്ടാണ് അപ്പൊസ്തലനായ യോഹന്നാൻ 1 യോഹ.2:27–ൽ ഇപ്രകാരം എഴുതിയത്. "അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു; ആരും നിങ്ങളെ ഉപദേശിപ്പാൻ ആവശ്യമില്ല; അവന്റെ അഭിഷേകം തന്നെ നിങ്ങൾക്ക് സകലതും ഉപദേശിച്ചുതരികയാൽ, അത് ഭോഷ്ക്കല്ല സത്യംതന്നെ ആയിരിക്കയാലും അത് നിങ്ങളെ ഉപദേശിച്ചതുപോലെ നിങ്ങൾ അവനിൽ വസിപ്പിൻ."

നല്ല വർഷിപ്പും, അന്യഭാഷയും, ഉഗ്രൻ പ്രസംഗവും, മരിച്ചവരെ ഉയിർപ്പിക്കലും മറ്റൊരേലിയാവാവുകയും, പത്രോസാവുകയും ഒക്കെ ചെയ്യുന്നതിനപ്പുറമുള്ള ഒരു വിശുദ്ധ സംഭവത്തെയാണ് ഞാൻ അഭിഷേകം എന്ന് വിളിക്കുന്നത്. അത് ക്രിസ്തു ആത്മാവായി നമ്മിൽ വസിക്കുന്നതാണ്; നാം ക്രിസ്തുവിൽ ആയിരിക്കുന്നതാണ്. അതിനപ്പുറം, ആത്മീയ അർത്ഥത്തിൽ, ആ കാമുകീകാമുകന്മാർ ഒരു നിമിഷവും പിരിയാതിരിക്കുന്ന ഒരു അവസ്ഥയാണ്. കാന്തനും സംഘാതകാന്തയും എന്ന അവസ്ഥ.

## Fundamental Knowledge of True Theology - Chapter : 20

## PNEUMATOLOGY

### PART 5

# അഭിഷേകം

ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിന് തന്റെ ഒരിക്കലും അവസാനിക്കാത്ത ധനം പകർന്നുകൊടുക്കണം. ഞാനെന്ന ദേവസ്യാമുല്ലക്കര റോമൻ കത്തോലിക്കാമതത്തിലെ കേരള ഘടകത്തിലെ തലശ്ശേരി അതിരൂപതയിൽ അറിയപ്പെടുന്ന ഒരു വചനപണ്ഡിതനും കരിസ്മാറ്റിക് ധ്യാനഗുരുവും രോഗസൗഖ്യവരവും അത്ഭുതപ്രവർത്തനവരവും പ്രവചനവരവും ഒക്കെയുളള പേരും പ്രശസ്തിയുമേറെയുള്ള ഒരു ധ്യാനഗുരുവായിരുന്നു, സർവ്വാദരണീയനായിരുന്നു. പക്ഷെ, നമ്മുടെ ദൈവത്തിന് ദൈവത്തെതന്നെ പകകർന്നു കൊടുക്കാതിരിക്കാൻ കഴിയില്ല എന്നത് മനസ്സിലാക്കിയപ്പോൾ, എനിക്ക്, ആ അഭിഷേകം പ്രാപിക്കണമെങ്കിൽ, ഞാൻ സഞ്ചരിക്കുന്ന വചനവിരുദ്ധ വഴികളെയൊക്കെയും ഉപേക്ഷിക്കേണ്ടതു ണ്ടെന്ന് മനസ്സിലായി. പള്ളിയും പട്ടക്കാരനെയും ഉപേക്ഷിക്കണമായിരുന്നു. മനുഷ്യശരീരം തന്നെയാണ് പള്ളിയെന്നും, പുരോഹിതൻ സാക്ഷാൽ യേശുക്രിസ്തു മാത്രമാണെന്നും വചനസത്യങ്ങളിലൂടെ എനിക്ക് മനസ്സിലായി. അതോടെ സ്വസഹോദരങ്ങളായ പട്ടക്കാരെയും കോട്ടയം ജില്ലയിലും കണ്ണൂർ കാസർഗോഡ് ജില്ലകളിലും സ്വന്തമായി പണിയുകയോ, പലർകൂടി പണിത, തനിക്ക് മുതൽമുടക്കുള്ള പള്ളികളെയുമൊക്കെ ഹൃദയംകൊണ്ടുപേക്ഷിക്കുകതന്നെ ചെയ്തു. അത്ര കടുത്തതീരുമാനമെടുപ്പിച്ചത് ഞാനല്ല, എന്റെ "അവനാൽ പ്രാപിച്ച അഭിഷേക"മാണ് (1 യോഹ.2:27). സാമാന്യമായ മരിയഭക്തിയും പുണ്യവാളഭക്തിയും അമിതമായ കുർബ്ബാനഭക്തിയും ഒക്കെയുണ്ടായിരുന്ന എനിക്ക് ''അവനാൽ പ്രാപിച്ച അഭിഷേകം'' ഉണ്ടായിരുന്നതുകൊണ്ട് ലോകത്തിലെ സകല പള്ളികളിലും എന്റെ പേർ വിളിച്ചുപറഞ്ഞ് ആ സഭയിൽനിന്നും പുറത്താക്കിയെന്ന് പറയുകയോ അവരുടെ വെബ്സൈറ്റുകളിലൊ മീഡിയകളിലൊ പ്രസിദ്ധീകരിക്കുകയൊ ഒക്കെ ചെയ്തിട്ടും യാതൊരു അപമാനമൊ അസന്തുഷ്ടിയൊ അവരോട് എന്തെങ്കിലും വെറുപ്പോ പിണക്കമൊ യാതൊന്നും ഉണ്ടായിട്ടില്ല. അതിന്റെ കാരണം എനിക്കു ലഭിച്ച അഭിഷേകത്തിന്റെ ശക്തിയാണ്. ഇന്ന് നൂറ് കണക്കിന് വലിയ കൂട്ടായ്മകളെ ഡൽഹിയുൾപ്പെടെ ഇന്ത്യയ്ക്കുള്ളിലാകട്ടെ കുവൈറ്റ്, യുഎഇ ഉൾപ്പടെ ലോകത്തെവിടെയൊക്കയുണ്ടോ, അവിടെയൊക്കെ വളർത്തുന്നത് ഈ മാഗസ്സിന്റെ സെൻട്രൽ പേജുകളിൽ ചിത്രസഹിതം കൊടുത്തിരിക്കുന്ന പാസ്റ്റർമാരാണ്, എന്നു വരികിലും അവർക്കൊക്കെ ഒരു തിയോളജിക്കൽ അടിത്തറയുണ്ടാകുവാൻ രാപ്പകലില്ലാതെ പ്രാർത്ഥനയോടെയും വേദപുസ്തകസത്യങ്ങളോടെയും ഓടിക്കൊണ്ടിരിക്കുന്ന അടിയന്റെ "അവനാൽ പ്രാപിച്ച അഭിഷേക"ത്തെ (1 യോഹ.2:27) എത്ര വർണ്ണിച്ചാലും മതിവരില്ല. നേരത്തെ എഴുതിയ ഇടങ്ങളിൽ മാത്രമല്ല, കേരളമങ്ങോളമിങ്ങോളവും ചെന്നൈയിലും പനവേലിലും (ന്യൂബോംബെ) സേലത്തും, കോയമ്പത്തൂരിലും, കർണ്ണാടകയിലും ദൈവം വളർത്തുന്ന ബഹുമാന്യരായ പാസ്റ്റർമാർക്കും അവരോടൊത്ത് വളരുന്ന ദൈവജനത്തിനും ദൈവം കൊടുത്തിരിക്കുന്ന 'അഭിഷേക'ത്തെ എത്ര പുകഴ്ത്തിയാലും മതിവരില്ല.

എന്റെ നാല്പതാമത്തെ വയസ്സിൽ കാസർഗോഡ് ജില്ലയിലെ മുള്ളേരിയ ഗവൺമെന്റ് ഹയർ സെക്കന്ററിസ്കൂളിൽ ഒരു ഹൈസ്കൂൾ അദ്ധ്യാപകനായി ജോലി ചെയ്യുന്ന കാലത്ത് കർത്താവ് എന്നോട് പറഞ്ഞു "എനിക്ക് നിന്നെ ആവശ്യമുണ്ടെന്ന്". ആവശ്യത്തിന് ബിഷപ്പുമാരും അച്ചൻമാരും ഇവരുടെ സകല ആവശ്യങ്ങൾക്കും എണ്ണിയാലൊടുങ്ങാത്ത സമ്പത്തും വിഗ്രഹങ്ങളും ജപമാലകളും ഓരോ പുരോഹിതനും ഇന്ത്യൻ പ്രധാനമന്ത്രിയേക്കാളും മഹത്വവും ഒക്കെ ആർജ്ജിച്ച ഒരു സഭയിലെ കേവലം ഒരു അല്മായനെ കർത്താവിന് വേണമെന്ന് പറഞ്ഞപ്പോൾ വെറുതെ തോന്നിയതാണെന്ന് വിചാരിച്ചില്ല. അവരുടെ ഉപദേശം തെറ്റായാലും ശരിയായാലും അതനുസരിച്ച് നീങ്ങുന്നതാണ് ശരിയുടെ ശരിയെന്ന് നായ്ക്കാംപറമ്പിലച്ചനെപ്പോലെയുള്ള വൈദിക ധ്യാനഗുരുക്കന്മാരും ബെന്നി പുന്നത്തറയെപ്പോലുള്ള




(ശാലോം ടിവി) അല്മായ ധ്യാനഗുരുക്കന്മാരും തോമസ് മഠത്തിമാലിയെപ്പോലെയുള്ള എൽഡേഴ്സും പറയുമ്പോൾ, "അവനാൽ പ്രാപിച്ച അഭിഷേകത്തിന്റെ ജാമ്യം ഉണ്ടായിരുന്നതിനാൽ, കർത്താവിന്റെ വീണ്ടും വരവിൽ എടുക്കപ്പെടുന്ന ബഹു പതിനായിരങ്ങളുടെ ഒരു സഭ (ചർച്ച് ഓഫ് ഇറ്റേണിറ്റി) യെ മുന്നോട്ട് നയിക്കുന്നതിൽ ഒരു എളിയ പങ്ക് വഹിക്കുവാൻ അടിയനും കഴിഞ്ഞു. ദൈവം മഹത്വമെടുക്കട്ടെ!

**അഭിഷേകം**

അഭിഷേകം എന്നത് കേവലം കൃപാവരങ്ങളൊ പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ സമ്പാദിക്കലൊ, എന്നതിന്റെയൊക്കെ അപ്പുറമാണെന്ന് പറയുകയായിരുന്നു. "നിന്നെ എനിക്ക് വേണമെന്ന് 40-ാമത്തെ വയസ്സിൽ എന്നോട് പറഞ്ഞത്'', അവന്റെ സഭയെ പണിയുവാനാണെന്ന് ("ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല'' മത്താ.16:18) ഇന്ന് സഭകളുടെ കെട്ടുപണിക്ക് ഇണങ്ങുന്ന ഒരായുധമായി അവൻ എന്നെ ഉപയോഗിക്കുമ്പോഴാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതെഴുതിത്തുടങ്ങുന്നത് ജനുവരി (2017) 31-ന് പാറശ്ശാലയിൽവച്ചാണ്. നെയ്യാറ്റിൻകരയ്ക്കടുത്ത് ഒരു ബൈബിൾ സ്കൂളും ബൈബിൾ കോളേജും നടത്തുവാൻ ആവശ്യമായ ഒരു സ്ഥലവും കെട്ടിടവും വാങ്ങുവാനാവശ്യമായ പ്രാർത്ഥനയുമായി ഇരിക്കുന്നതിനിടയിലാണ് ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, കന്നഡ, മലയാളം തുടങ്ങിയ ഭാഷകളിൽ നല്ല ബൈബിൾ ജ്ഞാനവും അഭിഷേകവും പ്രാപിക്കാൻ ഇടവരുത്തുന്ന നൂറ് കണക്കിന് അഭിഷിക്തർക്ക് ആ സ്ഥാപനമുപയോഗിച്ച് എങ്ങനെ ജന്മം കൊടുക്കാൻ പരിശുദ്ധാത്മാവിന്റെ കയ്യിലെ ഉപകരണമാകാം എന്നതാണീ ദിനങ്ങളിലെ അഭിഷേകചിന്ത. പണമൊന്നും കയ്യിലില്ല. കയ്യിലുള്ളതോ അഭിഷേകം! മറ്റൊരു ബൈബിൾ കോളേജ് കണ്ണൂർ ജില്ലിലെ പുളിങ്ങോത്തും, ഇനിയൊന്ന് മദ്ധ്യതിരുവിതാംകൂറിൽ ഇനി ദൈവം പറയുന്നിടത്തും.

**ദൈവത്തിന്റെ ഏറ്റവും വലിയ കണ്ടുപിടുത്തം ഏത്?**

"സഭ''യാണ് ദൈവത്തിന്റെ ഏറ്റവും വലിയ കണ്ടുപിടുത്തം. സഭയിലെ ഏറ്റവും വലിയ കണ്ടുപിടുത്തം അഭിഷിക്തരെയാണ്. അഭിഷിക്തരുടെ ഏറ്റവും വലിയ കണ്ടുപിടുത്തം യഥാർത്ഥ അഭിഷേകം പ്രാപിച്ച എത്ര വിശ്വാസികളെ താൻ അഭിഷിക്തരായി ശുശ്രൂഷയ്ക്ക് റെക്കമെന്റ് ചെയ്തു എന്നുള്ളതാണ്. ചിലരെയെങ്കിലും നിർദ്ദേശിച്ചു എങ്കിൽ അവനാൽ പ്രാപിച്ച അഭിഷേകത്തെ വളർത്തുന്നവരുടെ കൂടെയാണ് താങ്കൾ. അല്ലെങ്കിൽ താങ്കൾ എന്ന "മൂരാച്ചി" ഇനിയെത്രയോ വളരേണ്ടതുണ്ട്! ചർച്ച് ഓഫ് ഇറ്റേണിറ്റിയിലെ ശുശ്രൂഷകർ അഭിഷ്കതരായതുകൊണ്ട്, അനേകരിലേക്ക് അവർക്ക് കിട്ടിയ അഭിഷേകം പകരുവാൻ അവർ ദൈവത്തോട് പ്രാർത്ഥിക്കുകയും സഭാകേന്ദ്രത്തിലേക്ക് ഉയർത്തുവാൻ അനേകരെ നിർദ്ദേശിച്ചുകൊടുക്കുകയും ചെയ്യുന്നു.

**സ്വീകരണി**

അന്തരീക്ഷത്തിൽ നിന്നും റേഡിയോതരംഗങ്ങളെ റേഡിയോയിൽ ഉള്ള സ്വീകരണിയാണ് സ്വീകരിക്കുന്നത്. സ്വീകരിണിയില്ലെങ്കിൽ റേഡിയോ ഒരു ചെറിയ ചെണ്ടപോലെ മാത്രമാണ്. മനുഷ്യശരീരമാകുന്ന റേഡിയോയിലെ സ്വീകരണിയാണ് മനുഷ്യാത്മാവ്. നമ്മുടെ ആത്മാവാകുന്ന സ്വീകരണിയുപയോഗിച്ച് മാത്രമെ ആത്മാവായ ദൈവത്തെ ആരാധിക്കുവാനും സ്തുതിക്കുവാനും കഴിയുകയുള്ളൂ. മനുഷ്യാത്മാവാകുന്ന റിസർവോയർ അതിവിശുദ്ധവും മനോമോഹനവും ആണെങ്കിൽ, ആത്മാവിലും സത്യത്തിലും വേണം ദൈവത്തെ ആരാധിക്കാൻ എന്ന ബൈബിൾ വാക്യത്തിന്റെ അർത്ഥം (യോഹ.4:24) നമുക്ക് മനസ്സിലായിത്തുടങ്ങും. സത്യം എന്നത് ക്രിസ്തുവാണ്; ക്രിസ്തു വചനമാണ്; വചനം ബൈബിളിലാണ്. ബൈബിൾ, പ്രത്യേകിച്ചും പുതിയനിയമം നല്ലപോലെ പഠിച്ച് പഠിച്ച് സത്യത്തിന്റെ പരിജ്ഞാനസമ്പൂർണ്ണതയിലെത്തണം. ഇനി തുടങ്ങാം ആത്മാവിലും സത്യത്തിലും ആരാധന. കാരണം ദൈവം ആത്മാവാണ് (യോഹ.4:24). ആത്മാവിൽ ആരാധനയുടെ അർത്ഥം മനസ്സിലായെങ്കിൽ, സത്യാരാധന എന്തെന്ന് മനസ്സിലായെങ്കിൽ, ആത്മാവിലും സത്യത്തിലും ദൈവാത്മാവിനെ ആരാധിക്കാൻ താങ്കൾക്ക് കഴിയുന്നുണ്ടെങ്കിൽ, ആ ആരാധനയ്ക്കാവശ്യമായ ചാലകശക്തിയെ വിളിക്കുന്ന പേരാണ് അഭിഷേകം എന്നുകൂടി അറിഞ്ഞാലും.



1. ദേവസ്യാ മുല്ലക്കരസാർ മുഖ്യശുശ്രൂഷകനായി 2016 ഡിസംബർ 19 മുതൽ 28 വരെ പുളിങ്ങോം ആത്മാഭിഷേകം വചനാശ്രമത്തിൽ വച്ചുനടന്ന വാർഷികധ്യാനത്തിൽ പങ്കെടുത്തു ദൈവത്തെ ആരാധിക്കുന്ന ദൈവജനം. ബിംബാരാധനയും കുട്ടിസ്നാനവും മാദ്ധ്യസ്ഥ വണക്കവും തെറ്റാണെന്ന് തിരിച്ചറിഞ്ഞ് സ്നാനമേറ്റ അനേകരിൽ ചിലരേയും കാണാം.



2. 2017 ജനുവരി 16 മുതൽ 20 വരെ ആത്മാഭിഷേകം വളർച്ചാധ്യാനത്തിൽ പങ്കെടുത്തു സത്യത്തിന്റെ പരിജ്ഞാനത്തിലേക്ക് പ്രവേശിച്ച പഠിതാക്കൾ തങ്ങളുടെ ആത്മീയഗുരുവായ ദേവസ്യാ സാറിനോടും ടീച്ചറിനോടുമൊപ്പം. ഈ ധ്യാനത്തിൽ വച്ച് അനേകർക്ക് കൃപാവരങ്ങളും ആത്മീയ അനുഗ്രഹങ്ങളും ലഭിച്ചു.




3. 2017 ജനുവരി 26 മുതൽ 29 വരെ നടന്ന ആത്മീയശുശ്രൂഷയിൽ മുഖ്യപ്രഭാഷകനായ ദേവസ്യാ സാറിനോടൊപ്പം ചർച്ച് പാസ്റ്റർ രാജ്മോഹൻ, ബത്തേരി സഭാ പാസ്റ്റർ അഡ്വ. വാട്സൻ ദാനിയേൽ, മുതലായവർ ദൈവവചനം ശുശ്രൂഷിക്കുന്നു. പാ.ഷൈജുവിന്റെ നേതൃത്വത്തിലുള്ള വർഷിപ്പിന്റെ ദൃശ്യങ്ങളും.

# PNEUMATOLOGY
## PART 4
# അഭിഷേകം

2 തിമൊ.4:22-ൽ "യേശുക്രിസ്തു നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടുകൂടെ ഇരിക്കുമാറാകട്ടെ" എന്ന് മലയാളം ബൈബിളിലും The Lord be with your spirit; Grace be with you. എന്ന് NIV ബൈബിളിലും. അതെ, ദൈവത്തിന് വസിക്കാനുള്ള ഇരിപ്പിടമാണ് മനുഷ്യാത്മാവ്. നമുക്ക് ആത്മാവില്ലെങ്കിൽ ആത്മാവായ ദൈവത്തെ ആരാധിക്കുവാൻ കഴിയില്ലെന്ന് അറിയാവുന്നതുകൊണ്ടാണ് ദൈവം നമുക്ക് ആത്മാവിനെ തന്നത്. അവനെ ആരാധിക്കുക എന്നതിന് അവനുമായി ഹൃദയംകൊണ്ട് സംഭാഷണം നടത്തുക എന്ന അർത്ഥവുമുണ്ട്. അവനെ സ്വീകരിച്ച് സൽക്കരിക്കുക എന്ന അർത്ഥവുമുണ്ട്. റോമ.8:16-ൽ ഇപ്രകാരം പറയുന്നു: "നാം ദൈവത്തിന്റെ മക്കൾ എന്ന് ആത്മാവു താനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയുന്നു." അതായത്, ദൈവത്തിന്റെ പരിശുദ്ധാത്മാവും, നമ്മുടെ ആത്മാവും കൂടി ഒന്നിച്ചൊന്നാകുന്ന സാഹചര്യത്തെ സൃഷ്ടിക്കുന്നതിന് ദൈവഭാഗത്തുനിന്നും അയയ്ക്കുന്ന സൗന്ദര്യാത്മക അന്തരീക്ഷമാണ് അഭിഷേകം. അത് നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകുന്ന, വചനാധിഷ്ഠിത വിശ്വാസവും വിശുദ്ധിയിലധിഷ്ഠിതമായ ആത്മസ്വീകരണഹൃദയവുമാണ്. അഭിഷേകത്തെ സ്വീകരിക്കാൻ നമ്മെ ഒരുക്കുന്ന അനുഗ്രഹദായകമായ പരിശുദ്ധാത്മസ്നാനാനുഭവമാണ് അഭിഷേകം.

### ക്രിസ്തുവിൽ ഒന്നായിച്ചേരുക

ക്രിസ്തുവിന്റെ വീണ്ടെടുപ്പുമൂലം നാമും ക്രിസ്തുവും തമ്മിലുള്ള അകലം കുറഞ്ഞ് കുറഞ്ഞ് നമ്മുടെ വിശ്വാസത്താലും പരിശുദ്ധാത്മാവ് നൽകുന്ന അഭിഷേകത്താലും "ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളുമാകുന്നു" എന്ന് യോഹ.15:5-ൽ പറഞ്ഞതുപോലെ സംഭവിക്കുന്നതാണ് അഭിഷേകത്തിന്റെ സുന്ദരമുഖം. യോഹ.1:14-ൽ "വചനം ജഡമായിത്തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെയിടയിൽ പാർത്തു". കൃപയുടെയും സത്യത്തിന്റെയും മൂർത്തിയും വചനം ജഡം ധരിച്ചവനുമായ യേശുക്രിസ്തു നമ്മുടെയിടയിൽ പാർത്തു എന്നത് നാം ക്രിസ്തുവിൽ ഒന്നായിച്ചേരാൻ വേണ്ടിയായിരുന്നു. തൂവാല വീശിയും വെള്ളം വീശിയും തലയിൽ കൈ വച്ച് ശക്തിയിറങ്ങട്ടെ, എന്ന് കല്പിച്ചാലും, ഒരു ചെറിയ കുപ്പിവെള്ളമൊ എണ്ണയൊ പ്രാർത്ഥിച്ച് അഭിഷേചിച്ചു എന്ന് പറഞ്ഞുകൊടുത്തും, ടച്ച്, ഫയർ എന്നൊക്കെ ഇംഗ്ലീഷും മറ്റും കൂടി പറഞ്ഞും പ്രാർത്ഥിച്ചും ഭയങ്കര ശബ്ദരാജത്വം, നേരിട്ടും മൈക്കുപയോഗിച്ച് പറഞ്ഞും ഭയങ്കര ശബ്ദത്തോടെ കുറച്ചധികം പേർകൂടി അന്യഭാഷയോടൊ അല്ലെങ്കിൽ സാധാരണഭാഷയോടൊ പാടിപ്പാടി ഉച്ചസ്ഥായിയിലാകുന്നതോ ഒക്കെയാണ് അഭിഷേകം എന്ന വാക്കുകൊണ്ടുദ്ദേശിക്കുന്നത് എന്ന് കരുതുന്നവർ മനസ്സിലാക്കണം. അതിനേക്കാൾ ഒക്കെ വലുതിന്റെ വലുത് ക്രിസ്തു നമ്മുടെയുള്ളിൽ വസിക്കുന്നു എന്ന അറിവാണ് എന്ന്.

ഓരോരൊ വ്യക്തികൾക്കും സഭകൾക്കും കിട്ടിയ ദർശനങ്ങളനുസരിച്ച് അവർ അഭിഷേകപ്രാർത്ഥനകൾ






നടത്തുന്നു. യൂത്ത് പാസ്റ്റർമാരും യൂത്തും കൂടുതൽ ഉള്ളിടങ്ങളിൽ ഞാൻ മുകളിൽ എഴുതിയ ചില ശൈലികളിൽ അവർ പാടുകയും അന്യഭാഷകൾ ചൊല്ലി താളത്തിനൊത്ത് ചെറിയ ഡാൻസിംഗ് ശൈലിയിൽ കൈകളുയർത്തി പ്രാർത്ഥിക്കുകയും ചെയ്യും. എന്നാൽ തിരുവെഴുത്തിൽ ആധാരം വേണ്ടത്രയില്ലാത്തവയെ നാം ഒഴിവാക്കിയില്ലെങ്കിൽ അന്യാഗ്നി കത്തും.

**വർഷിപ്പിലെ അഭിഷേകം**

യേശു പഠിപ്പിക്കാത്തതും, അപ്പൊസ്തലന്മാർ ആവിഷ്ക്കരിക്കാത്തതും, ആദിമസഭയിൽ നടപടിയിൽ വരാത്തതുമാണെങ്കിൽ അവയിൽ നിന്നെല്ലാം നാം വേഗത്തിലൊഴിവാകണം. അഭിഷേകാഗ്നിയല്ല അവയൊന്നും. വന്യാഗ്നികത്തലാണ്; പൈശാചികബന്ധനങ്ങളാണ്. ദൈവമാണ് സന്തോഷം തരുന്നതെന്ന് നിങ്ങൾക്ക് തോന്നും. പാട്ടിന്റെ ഇടയ്ക്കിടയ്ക്ക് ഹൗളിംഗും (ഒരുതരം കൂവൽ) മറ്റും നടത്തി സന്തോഷിക്കുന്നവർ അറിയുന്നില്ല തങ്ങൾ ദൈവത്തെയാണ് കൂവുന്നതെന്ന്. വർഷിപ്പിനിടെ കൂട്ടായ്മയുടെ കൂട്ടായ്മത്വം നടത്തുമ്പോൾ ദൈവജനം കയ്യടിക്കുന്നതും ക്രിയാത്മകമായി സഹകരിക്കുകയും ചെയ്യുമ്പോൾ നാം ലീഡ് ചെയ്യുന്നിടത്ത് പൈശാചികൻ വരാം. അങ്ങനെ അന്യാഗ്നി കത്താം. പക്ഷേ ഗാനമേള പോലെയുള്ള സ്റ്റൈലിനെക്കാളൊക്കെ ഉണർവ്വാണിവ. അഞ്ചെട്ട് പേർ ചേർന്ന് അഞ്ചാറ് പാട്ട് അറിയുന്നതുപോലെ പാടുന്നത് നല്ലതാണെങ്കിലും, പാട്ട് ശാസ്ത്രീയമായി പഠിച്ച ഒരാൾ ലീഡ് ചെയ്യുന്നതും ഓർഗൻ ശാസ്ത്രീയമായി പഠിച്ചവർ അതുപയോഗിക്കുന്നതും ഉത്തമമാണ്. വർഷിപ്പിന്റെ കാര്യത്തിൽ ലീഡ് ചെയ്യാൻ ലീഡർ ഇല്ലാത്തപ്പോൾ, നമ്മളാലാകുന്നത് ചെയ്യുന്നത് നമുക്കും കർത്താവിനും സ്വാകാര്യമാണെങ്കിലും ബഹുരുചിഭേദമുള്ളവരും നമ്മളേക്കാൾ ഉയർന്ന് ചിന്തിക്കുന്നവരുമായവർക്ക് അതത്ര സ്വാകാര്യമല്ല.

(ശേഷം 21-ാം പേജിൽ)

## DEVASIA MULLAKARA SIR PERSONAL ACCOUNTS

Account name: DEVASIA M.V, Account No:50100001417578
Bank Name :HDFC, Branch : Vazhakala, Ernakulam, Kerala, S.India
IFSC Code : HDFC 000 1508, SWIFT Code :HDFC INBB

Account name: DEVASIA M.V, Account No:626401513804
Bank Name :ICICI, Branch : Edappally, Ernakulam,
Kerala, S.India, IFSC Code : ICIC0006264

Account name: DEVASIA M.V, Account No:10340100190147
Bank Name :Federal Bank, Branch : Thrikkakara, Ernakulam,
Kerala, S.India IFSC Code : FDRL0001034

Account name: DEVASIA M.V, Account No:081010100345323
Bank Name :Axis Bank , Branch : Kochi,Kerala, S.India
IFSC Code : UTIB0000081

Account name: DEVASIA M.V, Account No:57044991383
Bank Name :SBT, Branch : Kadumani, Kasaragod, Kerala,
S.India. IFSC Code : SBTR 0000595

Account name: DEVASIA M.V, Account No:061305300002681
Bank Name :SIB, Branch : Cherupuzha,Kannur, Kerala,
S.India. IFSC Code : SIBL0000613

# ആരാധനാ കേന്ദ്രങ്ങളും ഇടദിവസങ്ങളിലെ കൂട്ടായ്മകളും



**പാ: സജി മാന്താറ്റിൽ**
Ph:9447370460
**തലയോലപ്പറമ്പ്**
പഴയകടവിൽ ബിൽഡിംഗ്
ഞായർ: 10 am- 1 pm (ആരാധന)



**പാ: ആന്റണി.പി.ആർ**
Ph:9388689735
**ചേർത്തല**
സെന്റ് ആന്റണീസ് ബിൽഡിംഗ്, മനോരമ ജംഗ്ഷൻ, നോർത്ത് വയലാർ റോഡ്
ഞായർ: 10.00 am- 1pm (ആരാധന)



**പാ.സി.വി.ഏലിയാസ്**
Ph:9495272708
**പിറവം**
അരവിന്ദൻ ബിൽഡിംഗ് (മാതൃഭൂമി ഓഫീസിനു മുകളിൽ) പിറവം പള്ളിക്കവല, സ്കൂൾ റോഡ്.
ഞായർ:10.00 am- 1.00 pm (ആരാധന)

**പെരുവ**
ബാപ്പുജി സ്കൂൾ ഓഡിറ്റോറിയം, കുന്നപ്പള്ളി
ഞായർ: 2.00 pm- 5.00 pm (ആരാധന) Ph:9495272708

## കോട്ടയം ജില്ല



**പാ:ടോമിച്ചൻ വട്ടപ്പാറയിൽ**
Ph:9744655214
**കോട്ടയം** I M A ഹാൾ
ഡി.സി. ബുക്സിനു സമീപം ലോഗോസ് ജംഗ്ഷൻ
ഞായർ:9 am - 1 pm (ആരാധന)

**പാലാ** വ്യാപാര ഭവൻ
ഞായർ: 2.00 pm - 5.00 pm (ആരാധന)

**പാമ്പാടി,** ലയൺസ്ക്ലബ്ഹാൾ (ബൈബിൾക്ലാസ്സ്)
ശനി: 10.00 am - 1.00 pm

**വയല** വെള്ളി: 7.00 pm - 9.00 pm
(ഭവന കൂട്ടായ്മ) യൂണിറ്റി ബിൽഡിംഗ്, ഒന്നാം നില, കോട്ടയം മെഡിക്കൽ കോളേജിനടുത്ത്
ചൊവ്വാ 10 am to 1pm (ഉപവാസ പ്രാർത്ഥന)

**വാഴൂർ** ബുധൻ 10 am to 1 pm (പ്രാർത്ഥന)
വ്യാഴം 6 pm to 10 pm (പുരുഷൻമാർ)
വെള്ളി 10 am to 1 pm (ബൈബിൾ ക്ലാസ്)

**പാലാ** ടോംസ് ഓഡിറ്റോറിയം
വെള്ളി 2 pm to 5 pm (ബൈബിൾ ക്ലാസ്)

**മണർകാട്** ശനി 6 pm 9 pm (കൂട്ടായ്മ)



**പാ:ടോണി സിറിയക്**
Ph:9388608345, 9400502442
**മുണ്ടക്കയം**
**അത്യാലിൽ പ്ലാസ, മൂന്നാം നില**



**പാ:രാജു ഐസക്**
9744756060

ഞായർ: 9.30 am to 2pm (ആരാധന)
വെള്ളി: 10 am to 1 pm (ഉപവാസ പ്രാർത്ഥന)
**വിമ്പിള്ളി** (ഭവന കൂട്ടായ്മ) ബുധൻ: 10 am -1 pm
**പനക്കച്ചിറ** (ഭവന കൂട്ടായ്മ) ബുധൻ:2pm - 5pm



**പാ:അപ്പച്ചൻ**
ph : 9400259087
**എരുമേലി**
റോട്ടറി ക്ലബ്ബ്
ഞായർ: 10am to 1pm (ആരാധന)



**പാ. മാനുവൽ അള്ളുംപുറത്ത്**
Mob: 9495723836
**ഈരാറ്റുപേട്ട**
പഴയപറമ്പിൽ റസിഡൻസി കോൺഫ്രൻസ് ഹാൾ
K.S.R.T.C ബസ്സ്റ്റാൻഡിന് സമീപം (കാഞ്ഞിരപ്പള്ളി റൂട്ട് തെക്കേക്കര)
ഞായർ: 10 am to 1pm (ആരാധന)
ചൊവ്വ, വ്യാഴം ദിവസങ്ങളിൽ പുരുഷകൂട്ടായ്മ 6 pm to 8 pm
ചർച്ച് ഹാളിനു സമീപമുള്ള പാസ്റ്ററുടെ ഭവനത്തിൽ
ബുധൻ, ശനി ഭവനകൂട്ടായ്മ 11 am to 2 am



**പാ. സിബിച്ചൻ മലയിക്കൽ**
Mob: 9947260420
**ഏറ്റുമാനൂർ**
ആത്മാഭിഷേകം വർഷിപ് സെന്റർ, (K.S.R.T.C ബസ്സ്റ്റാന്റിനു സമീപം)
ഞായർ: 9am to 1 pm (ആരാധന)

**കുറുപ്പുംതറ**
ആത്മാഭിഷേകം വർഷിപ് സെന്റർ, S.H.കോളേജ് (ജറീക്കോ പ്രാർത്ഥനാലയത്തിനടുത്ത്)
ഞായർ: 3.00 pm to 6.00 pm (ആരാധന)

**പട്ടിത്താനം കവല**
ഞായർ: 6.00 pm to 9.00 pm (ആരാധന)

**കൂത്താട്ടുകുളം**
ബാപ്പുജി സ്കൂൾ ഓഡിറ്റോറിയം

**നീണ്ടൂർ** (മാഞ്ഞൂർ) മാൻതാറ്റിൽ സജി ഭവനം
വ്യാഴം 5.00 pm to 8.00 pm (പ്രാർത്ഥന)

**കടുത്തുരുത്തി**
നന്ദാവനം ബിൽഡിംഗ്, മാർക്കറ്റ്ജംഗ്ഷൻ
വെള്ളി 10 am to 1.00 pm (ഉപവാസപ്രാർത്ഥന)
ശനി 6.00 pm to 9.00 pm (പുരുഷകൂട്ടായ്മ)

**പുന്നത്തറ കവല**
അഡ്വ.സി.ജെ. ജോസഫ്ഭവനം. വെള്ളി 6 pm to 8.30 pm



**പാ. സണ്ണി മുണ്ടക്കയം**
Mob:9400931331
**കൂത്താട്ടുകുളം**
ബാപ്പുജി സ്കൂൾ ഓഡിറ്റോറിയം
ഞായർ: 10 am to 1pm (ആരാധന)



**പാ. സണ്ണി കല്ലറ**
Mob:9747162519, 9946122890
**കടുത്തുരുത്തി**
നന്ദാവനം ബിൽഡിംഗ്
ഞായർ:10am to 1pm (ആരാധന)



**പാ: സൈമൺ കെ. ഡാനിയേൽ**
Mob:9387841020
**കറുകച്ചാൽ**
വ്യാപാര ഭവൻ, കോൺഫ്രൻസ് ഹാൾ
ഞായർ: 10 am to 1pm (ആരാധന)
വെള്ളി:10 am to 1pm (ഉപവാസ പ്രാർത്ഥന)

**പുതുപ്പള്ളി,** ചൊവ്വ 6pm to 9 pm (പ്രാർത്ഥന)
**മാമ്മൂട്,** ബുധൻ: 10 am to 1 pm (പ്രാർത്ഥന)





Mrs.&Mr.
**വിസി.മാത്യു** (പാസ്റ്റർ)
**(ജോയിച്ചൻ വണ്ടനാനിക്കൽ)**
Mob: 9048222384

**പൊൻകുന്നം പെൻഷൻ ഭവൻ**
(ഭാരത് പെട്രോൾ പമ്പിന് എതിർവശം)
ഞായർ: 10.00 am 1.00 pm (ആരാധന)
ഞായർ 9 am 10 am (കുട്ടികൾക്കായുള്ള വേദപഠനം)
എല്ലാ ചൊവ്വാഴ്ചകളിലും 10 am 1pm (ഭവന കൂട്ടായ്മ)
എല്ലാ ബുധനാഴ്ചകളിലും 10 am 1pm (ഭവന കൂട്ടായ്മ)
എല്ലാ വ്യാഴാഴ്ചകളിലും 10 am 1pm (ഭവന കൂട്ടായ്മ)
വെള്ളി 7 pm 12 pm (ജാഗരണ പ്രാർത്ഥന)

**ചങ്ങനാശ്ശേരി, പാ:യേശുദാസ് പുളിക്കൽ,** Ph:9446745148
YWCA ഓഡിറ്റോറിയം
ഞായർ: 8.00 am to 10 am (ആരാധന)
**പാ. ബിജു** Ph:9447116820
വെള്ളി: 10 am 1 pm (ഉപവാസപ്രാർത്ഥന)

## ഇടുക്കി ജില്ല



**പാ: ബിജു പി.സാം**
Mob: 9495876219, 9744741907
**അടിമാലി**
വ്യാപാരഭവൻ
ഞായർ 10 am-1 pm (ആരാധന)

**പഴംപള്ളിച്ചാൽ**
ആത്മാഭിഷേകം വർഷിപ് സെന്റർ വായനശാലയ്ക്ക് സമീപം
ഞായർ 2.30 pm -5.30 pm (ആരാധന)

**ചാറ്റുപാറ** സേവ്യർ ഭവനം.
വെള്ളി 10.00 am- 1.00 pm (പ്രാർത്ഥന) (ഉപവാസ പ്രാർത്ഥന)

**മാങ്കുളം(വിരിപാറ)**
വെട്ടിക്കാപ്പിള്ളി ഭവനം
വെള്ളി 6 pm- 8.30 pm (പ്രാർത്ഥന)

**ചെങ്കുളം** പീറ്റർ ഭവനം
ശനി 10 am- 1.00 pm (ബൈബിൾക്ലാസ്സ്)

**പാറത്തോട്** ആത്മാഭിഷേകം വർഷിപ് സെന്റർ (R.C. ചർച്ചിന് മുൻവശം)
ശനി 10.00 am- 1.00 pm (പ്രാർത്ഥന)

**മുക്കാലേക്കർ** എസ്തപ്പാൻ ഭവനം
ആദ്യവെള്ളിയാഴ്ചകളിൽ 10.00 am- 1 pm

**200ഏക്കർ** റോയി ഭവനം ശനി 6 pm-9pm
**ബൈബിൾ ക്ലാസ്സ്**



**പാ:ജോസഫ് വി.റ്റി**
(രാജു മുണ്ടക്കയം)
Ph:9446379625, 9747499619
**തൊടുപുഴ**
**മാരിയിൽ ടവർ ബിൽഡിംഗ്**
2nd floor, Near civil station
ഞായർ: 10 am- 1 pm (ആരാധന)



**പാ.സിറിൾ**
Mob: 9400333164
**കട്ടപ്പന**
ആത്മാഭിഷേകം വർഷിപ് സെന്റർ, സാഗര തീയേറ്റർ റോഡ്, ആൽവിൻ പെയിന്റ്സിന് പുറകുവശം
ഞായർ 10 am- 1pm (ആരാധന)



**പാ:സാജു**
Mob:9447981274
**ചേലച്ചുവട്**
**ആത്മാഭിഷേകം വർഷിപ്പ്സെന്റർ**
Opp. വ്യാപാരഭവൻ
ഞായർ 10 am to 1pm (ആരാധന)

## പത്തനംതിട്ട ജില്ല





Mrs.& Mr.**യേശുദാസ് പുളിക്കൽ** (പാസ്റ്റർ)
Ph:9446745148

**തിരുവല്ല**
ആത്മാഭിഷേകം സഭാഹാൾ, മഞ്ഞാടി, ആമല്ലൂർ റോഡ്
ഞായർ: 10.00 am- 1.00 pm (ആരാധന)
വെള്ളി: 10 am -1pm ഉപവാസ പ്രാർത്ഥന
ശനി: 10 am -3 pm കൗൺസിലിംഗ്

# ആരാധനാ കേന്ദ്രങ്ങളും ഇടദിവസങ്ങളിലെ കൂട്ടായ്മകളും



പാ:സി.വി. ജോസ്സി
Ph:9847052185
**പത്തനംതിട്ട**
നന്നുവക്കാട് YMCA ഹാൾ
(ചുരുളിക്കോട്)

ഞായർ: 10.00 am-1.00 pm (ആരാധന)
വെള്ളി: 10 am 1 pm (ഉപവാസപ്രാർത്ഥന)



പാ. ബിനോജ്
Mob: 9539769595
**അടൂർ**
opp. കച്ചേരി മാർക്കറ്റ്

ഞായർ: 10 am to 1 pm (ആരാധന)

## ആലപ്പുഴ ജില്ല



പാ:ബിജു
Mob:9447116820
**ആലപ്പുഴ**
YWCA ഹാൾ

Near വഴിച്ചേരിജംഗ്ഷൻ
ഞായർ 9.30 am to 1 pm (ആരാധന)
സൺഡേസ്കൂൾ:
എല്ലാ ഞായറാഴ്ചയും 12.30 pm

**പുന്നപ്ര**
തിങ്കൾ 6 pm to 9 pm (ബൈബിൾക്ലാസ്)
എല്ലാ വെള്ളിയാഴ്ചയും
(ഉപവാസപ്രാർത്ഥന) 10 am

**ഹരിപ്പാട്**
സബ്റെജിസ്ട്രാർ ഓഫീസ്
ബിൽഡിംഗ്, കവല, നങ്ങ്യാർകുളങ്ങര
ഞായർ 2 pm to 5 pm (ആരാധന)
എല്ലാ മാസത്തിലെയും നിശ്ചിത അവധി ദിവസങ്ങളിൽ 10 am to 3 pm
(ബൈബിൾക്ലാസ്)

**കായംകുളം**
വൈ.എം.സി.എ ഗോൾഡൻ ജൂബിലി,
ഓഡിറ്റോറിയം, (പാർക്ക് ജംഗ്ഷൻ)
ശനി: 9.30 am to 1.00 pm (ആരാധന)
സൺഡേ സ്കൂൾ:
എല്ലാ ശനിയാഴ്ചയും 12.30 pm

**കറ്റാനം**
മാംകാവിൽ ഗാർഡൻസിന് സമീപം,
വില്ലേജ് ഓഫീസ് റോഡ്
(കുടുംബകൂട്ടായ്മ)
എല്ലാ 2-ാം ശനിയാഴ്ചയും: 2 pm to 5 pm

## കൊല്ലം ജില്ല



പാ:ജോസ് മാത്യു
Ph: 9847872731,
9946586728
**കൊല്ലം**

**YMCA ഹാൾ, ചിന്നക്കട,**
റെയിൽവെ ക്രോസിന് സമീപം
ഞായർ: 10 am to 1 pm (ആരാധന)

**കരുനാഗപ്പള്ളി**
YMCA ഹാൾ,
Ph:9847872731, 9946586728
ചൊവ്വ: 10 am to 1 pm (ഉപവാസപ്രാർത്ഥന)

**പുയപ്പള്ളി**
കിഴക്കിടത്ത് ബിൽഡിംഗ്
Ph:9847872731, 9946586728
ഞായർ: 4 pm to 7pm (ആരാധന)

ഭവന കൂട്ടായ്മകൾ: -

ആശ്രാമം 1-ാം തിങ്കൾ 4.00 pm to 6.00 pm
തങ്കശ്ശേരി 2-ാം തിങ്കൾ 4.00 pm to 6.00 pm
ഹൈസ്കൂൾ Jn. 3-ാം തിങ്കൾ 4.00 pm to 6 pm
മുണ്ടാലും മൂട് 4-ാം തിങ്കൾ 4.00 pm to 6.00 pm
പരവൂർ 1-ാം ചൊവ്വ 4.00 pm to 6.00 pm
മയ്യനാട് 2-ാം ചൊവ്വ 4.00 pm to 6.00 pm
ഇളമ്പള്ളൂർ 3-ാം ചൊവ്വ 4.00 pm to 6.00 pm
കൊട്ടിയം 4-ാം ചൊവ്വ 4.00 pm to 6.00 pm
ശങ്കരമംഗലം 1-ാം ബുധൻ 4.00 pm to 6.00 pm
നീണ്ടകര 2-ാം ബുധൻ 4.00 pm to 6.00 pm
പൂതക്കുളം 3-ാം ബുധൻ 4 pm to 6 pm
പുന്നക്കോട് 4-ാം ബുധൻ 4.00 pm to 6.00 pm
ചെറുവക്കൽ 1-ാം വ്യാഴം 4.00 pm to 6.00 pm
കുളപ്പില 2-ാം വ്യാഴം 4.00 pm to 6.00 pm
ഓയൂർ 3-ാം വ്യാഴം 4.00 pm to 6.00 pm
ഇളമാട് 4-ാം വ്യാഴം 4.00 pm to 6.00 pm
മുഖത്തല 1-ാം വെള്ളി 4.00pm 6.00 pm
നല്ലില 2-ാം വെള്ളി 4.00 pm to 6 pm
കരിക്കോട് 3-ാം വെള്ളി 4.00 pm to 6.00 pm
വർക്കല 4-ാം വെള്ളി 4.00pm to 6.00 pm



പാ.കെ.സി ദേവസ്യാ (ദാസ്)
Mob:9633227925
**പത്തനാപുരം**
സായാന്നാ ടൂറിസ്റ്റ്ഹോം
opp.ജനത ഹോസ്പിറ്റൽ

ഞായർ : 10 am to 1 pm (ആരാധന)
ഒന്നാം ശനി മുറിഞ്ഞ കൽ
ഷീബ ഭവൻ 3 pm to 5 pm, രണ്ടാം ശനി
**നെടുമൺകാവ്** രാധാമണിഭവനം
3 pm to 5 pm, മൂന്നാം ശനി പ്ലാന്റേഷൻ,
വൽസലാമ്മഭവനം 3 pm to 5 pm
നാലാം ശനി **കൂടൽ** മണി ഭവനം
3 pm to 5 pm



പാ:ബിജു സ്കറിയ കുണ്ടറ
Mob:9447248425
**പുനലൂർ**
എം.ജെ.എസ്. ടൂറിസ്റ്റ്
ഹോം (Opp. Market)

ഞായർ:10.00 am to 1.00 pm (ആരാധന)
എല്ലാ വെള്ളിയാഴ്ചയും(ഉപവാസപ്രാർത്ഥന) 10 am to 1 pm
**കുണ്ടറ** (എല്ലാ ശനിയാഴ്ചകളിലും
(പ്രാർത്ഥന) ആറുമുറിക്കട. മേലതിൽ ഓഡി
റ്റോറിയം 3.00 pm - 5 pm
**ഭരണിക്കാവ് , പുത്തൂർ, ചാത്തന്നൂർ**

## തിരുവനന്തപുരം ജില്ല



പാസ്റ്റർ:ജോർജ്ജ് തോമസ്
കുടിപ്പാറ
Mob:9446718242
**പരുത്തിപ്പാറ**
ഗ്രേസ് മിനിഹാൾ

ഞായർ 10.30 am to 12.30 pm (ആരാധന)
ആരാധന:എല്ലാ ശനിയാഴ്ചയും YMCA
ഹാൾ 10.30 am-12.30 pm തൊഴുക്കൽ.
നെയ്യാറ്റിൻകര
യൂത്ത് കൂട്ടായ്മ എല്ലാ ഞായർ 12.30 pm
ഒന്നിടവിട്ട മാസങ്ങളിൽ ഏകദിന കൂട്ടായ്മ
ലേഡീസ് കൂട്ടായ്മ രണ്ടാം ഞായർ (4.30 pm),
4-ാം ഞായർ (12.30 pm to 1 pm)

പുരുഷ കൂട്ടായ്മ 2-ാം ഞായർ, 4-ാം ഞായർ
12.30 pm - 1 pm
സൺഡേ സ്കൂൾ :
എല്ലാ ഞായറാഴ്ചയും 12.30 pm
പൂവ്വാർ, ബെഥേൽ ഭവനം പ്രയർ ഹാൾ,
പത്തനാവിള ആർ.സി. ചർച്ച് റോഡ്
ഞായർ 4.00 pm to 6.00 pm (ആരാധന)
കാട്ടാക്കട, അംബികാ ഭവനം എല്ലാ ശനി
യാഴ്ചയും 10 am to 1pm (ആരാധന)

കുടുംബ കൂട്ടായ്മകൾ:-
വലിയതുറ, 1-ാം ചൊവ്വ മാത്യൂസ്
ഭവനം 5.30 pm
ആന്നാട്, 2-ാം ചൊവ്വ ബാബുഭവനം
10.30 am
ചന്തവിള 3-ാം ചൊവ്വ സാംബശിവൻ
ഭവനം 6.00 pm
കുടപ്പനക്കുന്ന്, 4-ാം ചൊവ്വ ശശിഭ
വനം 6.30 pm
മുട്ടട, ആത്മാഭിഷേകം ഓഫീസ് എല്ലാ
ബുധനാഴ്ചയും
ഉപവാസ പ്രാർത്ഥന.10.30 am
L.M.S.Nagar, എല്ലാ വെള്ളിയാഴ്ചയും
ബൈബിൾ സ്റ്റഡി 6.00 pm to 9.00 pm
ഊരുട്ടമ്പലം, 1-ാം ബുധൻ ചിനിവിള
ജോർജ്ജ് 5 pm
വലിയവിള, 2-ാം ബുധൻ ജയചന്ദ്രൻ
ഭവനം 4.30 pm
കരമന, 3-ാം ബുധൻ ശാന്തഭവനം 3 pm
3-ാം ബുധൻ ജോർജ്ജ് ഫിലിപ്പ് ഭവനം
5.00pm
കിള്ളി, 4-ാം ബുധൻ ബിജുഭവനം 6 pm
വെങ്ങാന്നൂർ, 1-ാം വ്യാഴം ജസ്റ്റസ്
ഭവനം 5 pm
ഉദിയൻകുളങ്ങര, 2-ാം വ്യാഴം
ശശിഭവനം 4.30 pm
പേരൂർക്കട, 2-ാം വ്യാഴം
സാവിത്രിഭവനം 10.30 am
ഞണ്ടൂർകോണം 3-ാം വ്യാഴം
ആന്റണി ഭവനം 4.30 pm
കുറ്റ്യാനി, 4-ാം വ്യാഴം രാജൻ ഭവനം 4.30 pm
മരുതൂർ, 1-ാം ശനി സദാശിവൻ ഭവനം
5.30 pm
സന്തോഷ് നഗർ, 2-ാം ശനി മുരളിസാർ
ഭവനം 5.30 pm
2-ാം ശനി യൂത്ത് നൈറ്റ് പ്രയർ 7.30 pm
നെട്ടയം, 3-ാം ശനി ജോർജ്ജ് ഭവനം
5.30 pm, പാറോട്ട്കോണം, 4-ാം ശനി
മനോജ് ഭവനം 5.30 pm



പാസ്റ്റർ വിനു നടയ്ക്കൽ
Mob: 9744569559
**പാറശാല**
ആത്മാഭിഷേകം വർഷിപ്പ്
സെന്റർ (ഷീലാ കോട്ടേജ്

റെയിൽവെ പാലത്തിന് സമീപം,
കാരക്കോണം റൂട്ട്.)
ഞായർ 10 am to 1.00 pm (ആരാധന)
**വെള്ളറട,** ജെ.എം. ഹാൾ
ഞായർ 3 pm to to 5 pm (ആരാധന)
**അമരവിള,** എസ്ഥേർഭവനം
രണ്ടാം ശനി 2 pm to to 4 pm (ആരാധന)

## OUR CHURCHES OUT OF KERALA



**Pr. Raj Mohan**
Ph: 09958328119,
07838681789

### DELHI

Delhi - Athmabhishekam prayer hall
Plot no: 11. Nawada housing complex
Near metro pillar no: 786
and Dwaraka mor Red light
Dwaraka mor (Metro) NewDelhi-59

Sunday school- 9am - 10am
Worship 10am-1pm (Hindi & Malayalam)
Tuesday- 6pm-8.30pm. Mohan Garden (Hindi)
Wednesday - 6.30pm- 9pm. Bible study (malayalam)
At Athmabhishekam prayer hall
Thursday- 6pm-8pm. Kalkaji (Malayalam)
Friday- Palam-Rajnagar II-6.30pm-8pm. (Hindi)
10am- 1.00pm - Fasting Prayer. Fasting prayer
At Athmabhishekam prayer hall
Saturday-R.R Hospital (Army church) 4.30pm-6.30pm (Hindi)
Every second saturday- 9am - 2pm-Youth Meeting
At Athmabhishekam prayer hall

## MAHARASHTRA (Kamothe)



Pr. Radhakrishnan
Ph: 8108567210
8419930510

Navi Mumbai Athmabhishekam Worship Centre
Sushmapatil School& Junior College.
Kamothe Sector 11.Near Manasorowar.
Sunday Worship 10 am-1pm

## GUJARAT




Mrs. & Mr.
Samachen (Pastor)
Mob: 09737930414
09904422339, 08460985339
Sunday Worship 10 am- 1 pm

## Karnataka



Pr. Francis

(MANGALORE DT.)
MOODUBIDRI
Seldhana compound
Near Forest Office
Moodubidri
Ph: 9400784917,9880862932

## CHENNAI




Pr.Tony Cyriac
Ph:9400502442

Pr.Raju Issac
Ph:9400502442

Grace Matriculation School
Near Hot Chips Bus Stop & Shanthi
Colony Road,No. 4, L Block, 12th main
Road. Ist Street, Anna Nagar
Sunday Worship 10.00 am - 1.00 am

## Coimbatore (Pothannur)




Mrs. & Mr.
Wilson (Pastor)
Ph: 09585290142

M.G.Community Hall, Opp. Railway Hospital. Sunday Worship 10 am- 1 pm

**Selem** Ammini Home
Ranganadar Street
Worship: Tuesday 10 am to 2 pm
Ph: 9443820626

# FELLOWSHIPS IN ABROAD

## KUWAIT



Pr. Sojan Zacharias

Ph: 0096597711237
N E C K Kuwait City
Church Auditorium
(Monday, 7.00 pm- 9.30 pm)

### SALMIYA

Pr. Sabu Francis
Ph: 00965 97711267



Friday
9 am to
12 noon

Caesar's Travel &
Tourism Basement

Dr. Viji
Ph:0096566394954



English worship (Friday) 6.30 pm to 9 pm

Indian PublicSchool

## YEMEN(SANA)



Pr.Lal Kumar R
Ph:00967777741554

Friday 9.30 am to 12.30 pm
at Athmabhishekam Worship Center,
Near Kuwait Hospital, Sana'a.
Thursday 5 pm to 7 pm
at Athmabhishekam Worship Center,
Near Kuwait Hospital, Sana'a
And Athmabishekam worship center,
Safia.Sana'a
Sunday
prayer 5pm to 6.30pm at
Kuwait Hospital and
Saudi German Hospital. sana'a.

## UAE Sharja

Pr.Jiji
Ph:00971503631158



Friday
10 am to
12.30 noon
Praise and
Worship

## ABBASSIYA



Pr.Samson
Ph: 00965 66311234
ACE Hall, Near Subway
Friday 9 am to 12.30pm

### MANGAF



Pr. jomon
00965-97207125
Friday
9 am to 12 noon

### MAHBULA

Saturday
7 pm to 9 pm




Pr.Tomy Mannoor
Ph:0096596035928
&
Pr.Sojan Abraham
0096566775306

## FORWANIA




Pr. Sojan & Br.Jijo
Ph: 00965 97711237
00965 66970496
Friday 7 Pm to9 PM

## CANADA



908-1585
Ernest Ave

Pr. Dollet Zacharia
Ph: 0012262241417

## AMERICA



Dallas,
Taxas
Pr. Praveen
0015166663840

## AUSTRALIA



Pr. Deepu
0061448544652




(15-ാം പേജിൽ നിന്നും തുടർച്ച...)

പ്രത്യേകിച്ചും കേരളീയരിൽ 50% പേർക്കും നല്ല ഉണർവ്വുണ്ട്, ആദ്ധ്യാത്മികകാര്യത്തിൽ ഇംഗ്ലീഷും ഹിന്ദിയും ഒക്കെ പാടുന്നതിനോട് സഹകരിക്കുന്നവരാണ് 50 % വും. അതൊക്കെ തൽക്കാലമുള്ള വർഷിപ്പ് ടീം, ചിന്തിക്കണം. ഒരു നല്ല ഗിത്താറിസ്റ്റ് ഉള്ളത് നല്ലതാണ്. യുവജനങ്ങളുടെ ഭാഷാപരമായ താല്പര്യങ്ങളെ പരിഗണിച്ച് പ്രായമുള്ളവർ അവസരങ്ങൾ മറ്റുള്ളവർക്ക് ലഭിക്കാൻവേണ്ടി താല്പര്യം കാണിക്കണം. കൂടുതൽ ദിവസം ട്രെയിനിംഗ് എടുക്കണം. ഓർഗനിസ്റ്റ് ഓർഗന്റെ ശബ്ദാലാപത്തിൽ പാട്ടുകാരന്റെ പാട്ടിന്റെ ശബ്ദം മറയ്ക്കരുത്. ഓർഗൻ വായനയും ഡ്രംസ്പടിക്കലിന്റെ ശബ്ദവും മൈക്ക് ഉയർത്തിയുപയോഗിക്കലുമല്ല, സുപ്രധാനം. ഹൃദയം തുറക്കലും പാട്ടിന്റെ സൗന്ദര്യബോധത്തോടെയുള്ള അവതരണവുമാണ്. പൗരോഹിത്യപള്ളികളിലും സ്റ്റേജ് ഗാനമേളകൾ പാടിശീലിച്ചവർക്കുമുണ്ടാകാവുന്ന ഈഗോയെ കർത്താവിന് സമർപ്പിക്കണം. അഭിഷേകം ഉണ്ടായിരിക്കണം എല്ലാക്കാര്യത്തിലും. അന്യാഗ്നി പാടില്ല എന്നത്രെ സുപ്രധാനം. സംഗീതോപകരണങ്ങളുടെ ഉപയോഗത്തിന്റെ അതിപ്രസരവും അതുപയോഗിക്കുന്ന വരുടെ അറിവിന്റെ ഈഗോയും ഒന്നുമല്ല കർത്താവിന് വേണ്ടതെന്ന് പറയുമ്പോൾ, അവ വേണ്ട എന്നല്ല ഞാനുദ്ദേശിക്കുന്നത്. എല്ലാം നിയന്ത്രണവിധേയവും പരിശുദ്ധാത്മാഭിഷേകത്തോടെയും ആയിരിക്കണമെന്നാണ്.

## സുപ്രധാനമർമ്മം

യോഹ.3:6-ൽ ജഡത്താൽ ജനിച്ചത് ജഡം ആകുന്നു എന്നും ആത്മാവിനാൽ ജനിച്ചത് ആത്മാവാകുന്നു എന്നും നാം കാണുന്നുവല്ലോ. നമുക്കറിയാം അഭിഷേകത്തിനെതിരാണ് ജഡസംസ്ക്കാരങ്ങളിൽ പലതുമെന്ന്. കോപവും പരിഹാസവും ജഡത്തിന്റേതാണ്. ലൈംഗീകാതിപ്രസരവും ഭക്ഷണാസക്തിയും ജഡത്തിന്റേതാണ്. മദ്യവും പുകവലിയുമൊക്കെ ജഡത്തിന്റേതാണ്. ഫെയ്സ്ബുക്കിനും വാട്സാപ്പിനും പ്രാധാന്യം കൊടുക്കൽ അന്യസ്ത്രീകളോടും അന്യപുരുഷന്മാരോടും കൂടുതൽ പരിചയമായി ചാറ്റിംഗ് നടത്തുന്നതൊക്കെ ജഡത്തിന്റെ വാസനകളാണ്.

1 കൊരി.6:17-ൽ "കർത്താവിനോട് പറ്റിച്ചേരുന്നവനൊ അവനുമായി ഏകാത്മാവാകുന്നു" എന്നുണ്ടല്ലോ. ഉല്പ.1:28-ൽ "നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക" എന്നു നാം കാണുന്നു. സ്വരൂപം എന്നതുകൊണ്ടുദ്ദേശിക്കുന്നത് ആളത്തവും സാദൃശ്യം എന്നതുകൊണ്ട് ബാഹ്യരൂപവും ആകുന്നു. അതുപോലെ തന്നെ അദൃശ്യനായ ദൈവപ്രതിമയാണ് യേശു എന്നും കൊളോ.1:15-ൽ ഉണ്ട്. അതായത് അദൃശ്യനായ ദൈവം ക്രിസ്തുവിലാകുന്നതും ക്രിസ്തു ഉൾപ്പെടെ ത്രീയേകദൈവം നമ്മുടെ ആത്മാവിലാകുന്നതും ഒരു മർമ്മമാകുന്നു. അഭിഷേകം ആവശ്യത്തിനുള്ളവർക്കേ അത് മനസ്സിലാകൂ. അഥവാ ഈ

# PNEUMATOLOGY
## PART 4
# അഭിഷേകം

അമൂല്യ വെളിപ്പാട് ലഭിച്ചവർക്കുള്ള അഭിഷേകം എന്നതാണ് അഭിഷേകതലത്തിന്റെ ഉന്നതഭാവം. ദൈവത്തിന്, ദൈവത്തെ ആവിഷ്ക്കരിക്കുന്നതിനുവേണ്ടിയാണ് മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. ആ സൃഷ്ടികർമ്മത്തിൽ തന്റെ ദിവ്യജീവൻ മനുഷ്യനിലേക്ക് സംക്രമിപ്പിച്ചിരുന്നില്ല. എന്നാൽ പുതിയനിയമവ്യവസ്ഥയനുസരിച്ച് ഇപ്പോൾ അവനിൽ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്. യോഹ.3:16-ഉം 1 യോഹ.5:12-ഉം കുറിക്കാം.

''തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്നവന് ഏവനും നശിച്ചുപോകാതെ, നിത്യജീവൻ പ്രാപിക്കേണ്ടതിന്, ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു'' (യോഹ.3:16). ഈ തിരുവചനത്തിൽ പറഞ്ഞത് "യേശുവിൽ വിശ്വസിക്കുന്നവന് നിത്യജീവനുണ്ടെന്നാണ്." "ദൈവത്തെ വിശ്വസിക്കാത്തവൻ ദൈവം തന്റെ പുത്രനെക്കുറിച്ച് പറഞ്ഞ സാക്ഷ്യം വിശ്വസിക്കായ്കയാൽ അവനെ അസത്യവാദിയാക്കുന്നു. ആ സാക്ഷ്യമൊ ദൈവം നമുക്ക് നിത്യജീവൻ തന്നു; ആ ജീവൻ അവന്റെ പുത്രനിലുണ്ട് എന്നുള്ളത് തന്നെ. പുത്രനുള്ളവന് ജീവനുണ്ട്. ദൈവപുത്രനില്ലാത്തവന് ജീവനില്ല'' (1 യോഹ.5:10,11,12). ഈ വചനപ്രകാരവും പുത്രനുള്ളവന് നിത്യജീവനുണ്ട്, അഥവാ, പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട് എന്നു തന്നെയാണ് വരുന്നത്.

ഇപ്പറഞ്ഞതിന്റെ അർത്ഥമെന്ത്? ക്രിസ്തു പൂർണ്ണ വീണ്ടെടുപ്പ് സാധിക്കുന്നതുവരെ, ദൈവീക ജീവൻ, സൃഷ്ടിക്കപ്പെട്ട മനുഷ്യനിൽ പ്രവേശിച്ചിരുന്നില്ല, എന്നല്ല പ്രവേശിച്ചിരുന്നുവെങ്കിലും പൂർണ്ണമായ വെളിപ്പാടോടു കൂടി പ്രവർത്തിച്ചുതുടങ്ങിയിരുന്നില്ല എന്നാണ് . അഥവാ, ആത്മാവിന്റെ അഭിഷേകം പുതിയനിയമസ്വഭാവത്തോടു കൂടി വെളിപ്പെട്ടിരുന്നില്ല. പുതിയനിയമവെളിപ്പാടനുസരിച്ച് അപ്പൊസ്തലപ്രവർത്തനങ്ങൾ 2-ാം അദ്ധ്യായത്തിലെ 1 മുതൽ 4 വരെയും പിന്നെ 4-ന് ശേഷം 40 വരെയും ഉള്ള തിരുവചനങ്ങളിൽ പറയുന്ന സത്യാത്മാവ്, ദൈവം തന്നെയാണ്. ആ പരിശുദ്ധാത്മാവാകുന്ന ദൈവം തരുന്ന






അഭിഷേകം സമ്പൂർണ്ണവുമാണ്.

പൊടിയും ജീവശ്വാസവും ഉപയോഗിച്ചാണ് മനുഷ്യനെ നിർമ്മിച്ചതെന്ന് ഉല്പ.2:7–ൽ പറയുന്നു. പൊടികൊണ്ട് ശരീരവും ജീവശ്വാസം മൂലം ആത്മാവുമുണ്ടായി. ദൈവത്തെ മനുഷ്യൻ നേരാംവണ്ണം ഉൾക്കൊള്ളുന്നതിനും, അവനുള്ളിൽ വന്ന് വസിക്കുന്നതിനാവശ്യമായ ഒരു പ്ലാറ്റ്ഫോം ആകുന്നതിനുമാണ്, ആത്മാവിനെയും സൃഷ്ടിച്ചത്. ഒരു പാത്രത്തിന്റെ ആകൃതിയാണ് പാത്രത്തിൽ ഒഴിച്ച വെള്ളത്തിന്റെ ആകൃതി എന്നപോലെ, നമ്മുടെയുള്ളിൽ വസിക്കാൻ പോകുന്ന ദൈവത്തിന്റ ആകൃതി നമുക്കുണ്ടാകും എന്നതുകൊണ്ട് മാത്രമാണ് നമ്മെ ദൈവത്തിന്റെ സാദൃശ്യത്തിലും രൂപത്തിലും സൃഷ്ടിച്ചത്.

ആകാശമില്ലെങ്കിൽ ഭൂമികൊണ്ട് എന്തുഫലം? അതുപോലെ ദൈവമില്ലെങ്കിൽ മനുഷ്യനെക്കൊണ്ട് എന്ത് ഫലം? ദൈവം ഉണ്ടെങ്കിൽ എന്നതിനപ്പുറം ദൈവം അകത്തില്ലെങ്കിൽ എന്നു തന്നെ കരുതണം. 2 തിമൊ.4:22 “യേശു നിന്റെ ആത്മാവോടുകൂടെയിരിക്കട്ടെ. കൃപ നിങ്ങളോടുകൂടെയിരിക്കുമാറാകട്ടെ’’. യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിക്കാൻ നമ്മോട് പലരും പറയുന്നു. പറയട്ടെ. അതത്യാവശ്യമാണ്. അങ്ങനെ ക്രിസ്തുവിനെ സ്വന്തം രക്ഷിതാവായി സ്വീകരിച്ചവന്റെ ഉള്ളിൽ ക്രിസ്തു ആത്മാവായി വസിക്കുമെന്നാണ് 2 തിമൊ.4:22–ൽ പറഞ്ഞത്.

റോമ.8:3–ൽ ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം നിമിത്തവും അയച്ചു. പാത്തിന് ജഡത്തിൽ ശിക്ഷ വിധിച്ചു. ക്രിസ്തുവിന്റെ ജഡത്തിൽ യാതൊരു പാപവുമില്ലായിരുന്നു. പാപജഡത്തിന്റെ സാദൃശ്യം മാത്രം. 2 കൊരി.5:21–ൽ “പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന് നീതിയാകേണ്ടതിന് അവൻ നമുക്കുവേണ്ടി പാപം ആക്കി”. എന്ന് പറഞ്ഞാൽ ക്രിസ്തുവിന് പാപം ഇല്ലെന്നർത്ഥം. മാത്രമല്ല, നമുക്കെല്ലാവർക്കും പകരമായി ക്രിസ്തു പാപമാക്കപ്പെടുകയും ചെയ്തു. അങ്ങനെ ദൈവം പാപമാക്കിയവൻ യാതൊരു പാപവും ചെയ്യാത്തവനായിരുന്നു; അറിയാത്തവനുമായിരുന്നു.

‘‘മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനെയും ഉയർത്തേണ്ടതാകുന്നു. അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിനു തന്നെ.’’ ഇവിടെ






**ആയിരങ്ങൾ പങ്കെടുത്ത മെഗാ കൺവെൻഷൻ. 2017 ജനുവരി മാസം 21–ാം തിയ്യതി തൃപ്പൂണിത്തുറയെ പുളകമണിയിച്ചുകൊണ്ട് ദൈവമക്കളുടെ മഹാ സംഗമം. ദേവസ്യാ സാർ ദൈവവചനം പ്രസംഗിക്കുന്നു.ശുശ്രൂഷയുടെ വിവിധ ഘട്ടങ്ങളുടെ ദൃശ്യങ്ങൾ. ബഹുമാനപ്പെട്ട നൈനാൻ അച്ചൻ അനുഗ്രഹപ്രാർത്ഥന നടത്തുന്നു.**

# PNEUMATOLOGY
## PART 4
# അഭിഷേകം

സംഖ്യയുടെ പുസ്തകം 21-ാം അദ്ധ്യായത്തിലെ സംഭവം, നമുക്കറിവുള്ളതാണല്ലോ. 21:8-ൽ മോശയോട് ദൈവം പറഞ്ഞതാണ് ഒരു താമ്രസർപ്പത്തെ ഉണ്ടാക്കി കൊടിമരത്തിൽ തൂക്കുക. കടിയേൽക്കുന്നവൻ ആരെങ്കിലും അതിനെ നോക്കിയാൽ ജീവിക്കും.

അന്ന് കടിയേറ്റവർ പിച്ചളസർപ്പത്തെ നോക്കി വിഷബാധയിൽ നിന്നും മരണവെപ്രാളത്തിൽനിന്നും രക്ഷപ്പെട്ടു. പിച്ചളസർപ്പത്തിന് വിഷമില്ലായിരുന്നു. ഇതുപോലെ ക്രിസ്തുവിൽ വിശ്വസിച്ച് നോക്കുന്നവർ എല്ലാവരും രക്ഷപ്പെടുകതന്നെ ചെയ്യും. ക്രിസ്തുവിനും പാപവിഷമില്ലായിരുന്നു. പിച്ചളസർപ്പം യഥാർത്ഥ സർപ്പത്തിന്റെ ബാഹ്യരൂപം അഥവാ സാദൃശ്യം മാത്രം. ക്രിസ്തു ക്രൂശിൽ മരിച്ചപ്പോൾ യഹോവയുടെ ദൃഷ്ടിയിൽ അവൻ കുഞ്ഞാടുമാത്രവുമല്ല രക്ഷപ്രാപിക്കാൻ സ്ഥാപിക്കപ്പെട്ട താമ്രസർപ്പത്തിന്റെ സാദൃശ്യവുമായിരുന്നു. ഇതാ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് എന്ന് യോഹ.1:29-ഉം "മരുഭൂമിയിൽ പിച്ചളസർപ്പത്തെ ഉയർത്തിയതുപോലെ ഉയർത്തപ്പെട്ട മനുഷ്യപുത്രനായ ക്രിസ്തുവിനെ" യോഹ.3:14-ഉം ചിത്രീകരിച്ചിരിക്കുന്നു. പിച്ചളസർപ്പത്തിന് പാമ്പിന്റെ വിഷപ്രകൃതമല്ല. അതുപോലെ ക്രിസ്തു പാപമാക്കപ്പെട്ടപ്പോൾ അവൻ ദൈവത്താൽ പാപമാക്കപ്പെട്ടുവെങ്കിലും അവന് തന്നിൽ യാതൊരു പാപവും ഇല്ലായിരുന്നു. തന്നെയുമല്ല, അവൻ പാപമറിഞ്ഞിട്ടുമില്ലായിരുന്നുവെന്ന് വീണ്ടും എഴുതട്ടെ. 1 യോഹ.2:27-ൽ അവനാൽ പ്രാപിച്ച അഭിഷേകം എന്നു പറയുമ്പോൾ "അവൻ" എന്ന ക്രിസ്തു എങ്ങനെയുള്ളവൻ എന്ന് നാം വേണ്ടപോലെ മനസ്സിലാക്കിയാലെ ആ അഭിഷേകത്തിന്റെ പ്രാമാണ്യം നമ്മുടെയുള്ളിൽ കയറുകയുള്ളു. വേദപുസ്തകത്തിന്റെ സത്യത്തിന്റെ പരിജ്ഞാനമനുസരിച്ച് ക്രിസ്തുവിന്റെ ജഡാവതാരത്തിൽ ദൈവപ്രകൃതവും നഷ്ടപ്പെട്ടിരുന്നില്ല, മനുഷ്യപ്രകൃതവും നഷ്ടപ്പെട്ടിരുന്നില്ല. യഥാർത്ഥത്തിൽ ക്രിസ്തു ദൈവ - മനുഷ്യനാണ്. പരിശുദ്ധാത്മാവും യഹോവയുമൊ ദൈവം മാത്രം!

## ഒടിഞ്ഞ അസ്ഥികളെ കർത്താവ് സൗഖ്യമാക്കി



എന്റെ പേര് നിതിൻ. എറണാകുളം ജില്ലയിലെ പള്ളുരുത്തിയിലാണ് ഞാൻ താമസിക്കുന്നത്. കുറച്ചുദിവസങ്ങൾക്കുമുമ്പ് ഇടതുകാലിന്റെ ചെറുവിരലിനടുത്ത് ഒടിഞ്ഞിരുന്നു. ഡോക്ടറെ കാണിച്ചപ്പോൾ ഏകദേശം മൂന്നാഴ്ചയെങ്കിലും റെസ്റ്റെടുക്കണം കൂടാതെ ഒരു ഓപ്പറേഷനും വേണം എന്നും പറഞ്ഞിരുന്നു. എന്നാൽ അത്ഭുതമെന്ന് പറയട്ടെ എനിക്ക് ദേവസ്യാ മുല്ലക്കരസാറിന്റെ പ്രാർത്ഥനാശുശ്രൂഷയിൽ പങ്കെടുക്കുവാൻ സാധിക്കുകയും അവിടെവച്ച് സാർ എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തതിന്റെ ഫലമായി എന്റെ കാലിന് നല്ല സൗഖ്യം ലഭിക്കുകയും ചെയ്തു. സാറിന്റെ പ്രാർത്ഥനയിലൂടെ കർത്താവ് എന്നെ സൗഖ്യമാക്കി എന്ന് ഞാൻ വിശ്വസിക്കുന്നു. എനിക്ക് ഇത്രത്തോളം വലിയ അനുഗ്രഹം തന്ന ഇന്നും ജീവിക്കുന്ന എന്റെ കർത്താവിനെ ഞാൻ സ്തുതിക്കുന്നു.

**നിതിൻ പള്ളുരുത്തി**
**ph: 9288165293**

# PNEUMATOLOGY
## PART 4
# അഭിഷേകം

പുത്രന്റെ മനുഷ്യാവതാരത്തിൽ പുത്രൻ ദൈവപിതാവിൽ നിന്ന് വിട്ടുമാറിപ്പോന്നുവെന്ന് തോന്നാം. വിട്ടുമാറിപ്പോന്നില്ല. പുത്രനെയും പിതാവിനെയും വേർപെടുത്താൻ പാടില്ല. യോഹ.5:43-ൽ "ഞാൻ എന്റെ പിതാവിന്റെ നാമത്തിൽ വന്നിരിക്കുന്നു; എന്നെ നിങ്ങൾ കൈക്കൊള്ളുന്നില്ല; മറ്റൊരുത്തൻ സ്വന്തനാമത്തിൽ വന്നാൽ അവനെ നിങ്ങൾ കൈക്കൊള്ളും". ഇവിടെ പിതാവും പുത്രനും വ്യതിരിക്തരാണെങ്കിലും വിഭിന്നരല്ല എന്ന് നമുക്ക് ഗ്രഹിക്കാം. യോഹ.16:32-ൽ "പിതാവ് എന്നോടുകൂടെയുള്ളതുകൊണ്ട് ഞാൻ ഏകനല്ല താനും". ജനനാൽ തന്നെയും ജീവിതത്തിൽ തന്നെയും മരണത്താലും ഉയിർപ്പിനാലും ഒക്കെയും അവർ രണ്ടും വിഭിന്നരല്ല. യോഹ.10:30 "ഞാനും പിതാവും ഒന്നാകുന്നു." യാതൊരു സംശയവും വേണ്ട രണ്ടുപേരും ഒന്നാകുന്നു. യോഹ.17:22 "നീ എനിക്ക് തന്നിട്ടുള്ള മഹത്വം ഞാൻ അവർക്ക് കൊടുത്തിരിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിക്കുന്നപോലെ അവരേയും സ്നേഹിക്കുന്നുവെന്ന് ലോകം അറിയുവാൻ, നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിനും ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവാരായിരിക്കേണ്ടതിനും തന്നെ."

നമുക്ക് ഏകദൈവമേയുള്ളു. എന്നാൽ നമ്മുടെ ദൈവം ത്രിയേകനാണ്. തന്റെ ദൈവത്വത്തിൽ അവർ പിതാവും പുത്രനും പരിശുദ്ധാത്മാവും ആണ്. ദൈവീകപദ്ധതി പിതാവിന്റെ പ്രവർത്തനമാണെന്നും, വീണ്ടെടുപ്പ് മുഴുവൻ പുത്രന്റെ പ്രവർത്തനമാണ് എന്നും യേശുവിന്റെ പ്രവൃത്തി മുഴുവനും പരിശുദ്ധാത്മാവിന്റെ പ്രവർത്തനവുമാണ് എന്ന് നാം തിരിച്ചറിയുമ്പോഴാണ് അവനാൽ പ്രാപിച്ച അഭിഷേകം എന്നതിന്റെ യഥാർത്ഥ അർത്ഥം ത്രിത്വത്താൽ ലഭിച്ച കൃപ എന്നാകുന്നത്.

**തിരുവെഴുത്തിലെ അടിസ്ഥാനവെളിപ്പാടുകൾ**

പഴയനിയമത്തിൽ അനേകം പഴയനിയമകാല നിയമങ്ങളുണ്ടായിരുന്നു. അതിലൊന്നായിരുന്നു ഇന്ന് മുസ്ലീം പുരുഷന്മാരും വേറെ ചിലരും പതിവായി അനുഷ്ഠിക്കുന്ന പരിച്ഛേദന. ഉല്പ.17:12-ൽ "തലമുറ തലമുറയായി നിങ്ങളിൽ പുരുഷപ്രജയൊക്കെയും എട്ട് ദിവസം പ്രായമാകുമ്പോൾ പരിച്ഛേദന ഏൽക്കണം .................. എന്റെ നിയമം നിങ്ങളുടെ ദേഹത്തിൽ നിത്യനിയമമായിരിക്കണം. അഗ്രചർമ്മിയായ പുരുഷപ്രജയെ പരിച്ഛേദന ഏൽക്കാതിരുന്നാൽ ജനത്തിൽ നിന്ന് ഛേദിച്ചു കളയേണം; അവൻ എന്റെ നിയമം ലംഘിച്ചിരിക്കുന്നു'' (ഉല്പ.17:12-14). പഴയനിയമകാലം അതൊരു വേർപാടിന്റെ അടയാളമായി കരുതിയിരുന്നു. പുതിയനിയമം അങ്ങനെയല്ല പഠിപ്പിക്കുന്നത്. "ക്രിസ്തുയേശുവിൽ പരിച്ഛേദനയല്ല, അഗ്രചർമ്മവുമല്ല, സ്നേഹത്താൽ വ്യാപരിക്കുന്ന വിശ്വാസമത്രേ കാര്യം" (ഗലാ.5:6). പുതിയനിയമത്തിലെ അഗ്രചർമ്മം മുറിക്കലിന് പകരം മാനസാന്തരത്തിന്റെ സമ്പൂർണ്ണതയാണുള്ളത്. "ആത്മാവിനെ അനുസരിച്ച് നടപ്പിൻ; എന്നാൽ നിങ്ങൾ ജഡത്തിന്റെ മോഹം നിവർത്തിക്കയില്ല എന്ന് ഞാൻ പറയുന്നു. ജഡാഭിലാഷം ആത്മാവിനും ആത്മാഭിലാഷം ജഡത്തിനും വിരോധമായിരിക്കുന്നു. നിങ്ങൾ ഇച്ഛിക്കുന്നത് ചെയ്യാതവണ്ണം അവ തമ്മിൽ പ്രതികൂലമല്ലോ. ആത്മാവിനെ അനുസരിച്ച് നടക്കുന്നുവെങ്കിൽ നിങ്ങൾ ന്യായപ്രമാണത്തിന്റെ കീഴുള്ളവരല്ല" (ഗലാ.5:16,17,18). ജാതികളിൽ നിന്നും അവരെ വേർതിരിച്ചിരുന്ന മറ്റൊരു പഴയനിയമകാലാചാരമായിരുന്നു ശബ്ബത്ത്. പുറ.20:8,9,10,11-ൽ നാം ഇങ്ങനെ വായിക്കുന്നു "ശബ്ബത്ത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക, ആറ് ദിവസം അദ്ധ്വാനിച്ചു നിന്റെ വേലയൊക്കെയും ചെയ്ക. ഏഴാം ദിവസം നിന്റെ ദൈവമായ യഹോവയുടെ ശബ്ബത്ത് ആകുന്നു. അന്ന് നീയും നിന്റെ പുത്രനും നിന്റെ വേലക്കാരനും വേലക്കാരിയും നിന്റെ കന്നുകാലികളും നിന്റെ പടിവാതില്ക്കലുള്ള പരദേശിയും ഒരു വേലയും ചെയ്യരുത്. ആറ് ദിവസംകൊണ്ട് യഹോവ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ളതൊക്കെയും ഉണ്ടാക്കി ഏഴാം ദിവസം സ്വസ്ഥമായിരുന്നു".

പഴയനിയമകാലത്ത് യിസ്രായേല്യർക്ക് മാത്രമുണ്ടായിരുന്ന ഒരു നിയമമായിരുന്നു ശബ്ബത്ത്. അതൊരു വിശ്രമദിവസമാണ്. എന്നാൽ യേശുവിന്റെ കാലത്ത് പരീശന്മാർ ശബ്ബത്തിനെ കർമ്മാചാര നിബിഡമായ ഒരു ദിവസമാക്കിത്തീർത്തുകളഞ്ഞു. ശബ്ബത്ത് ക്രിസ്തുവിലൂടെ ലഭിക്കുന്ന ഒരു ആത്മീയ




സ്വസ്ഥതയായിട്ടാണ് പുതിയനിയമം വിലയിരുത്തുന്നത്. സ്വസ്ഥതയെന്നർത്ഥമുള്ള "ശബ്ബത്തി"ൽ കാൽവരിയാഗത്തിലൂടെയായാണ് നമുക്ക് യഥാർത്ഥ സ്വസ്ഥത നൽകിയതെന്നതുകൊണ്ട് പുതിയനിയമസന്തോഷമനുസരിച്ച് ഇന്ന് നാം ശബ്ബത്തനുഭവത്തെ തള്ളിക്കളഞ്ഞിരിക്കുകയാണ്. കൊലോസ്യ ലേഖനം 2:16 ഇങ്ങനെ പഠിപ്പിക്കുന്നു "അതുകൊണ്ട് ഭക്ഷണപാനീയങ്ങൾ സംബന്ധിച്ചോ പെരുന്നാൾ, വാവ്, ശബ്ബത്ത് എന്നീ കാര്യത്തിലൊ ആരും നിങ്ങളെ വിധിക്കരുത്. ഇവ വരുവാനിരുന്നവയുടെ നിഴലത്രേ." മർക്കോ.2:28 "മനുഷ്യൻ ശബ്ബത്ത് നിമിത്തമല്ല, ശബ്ബത്ത് മനുഷ്യൻ നിമിത്തമത്രേ ഉണ്ടായത്; അങ്ങനെ മനുഷ്യപുത്രൻ ശബ്ബത്തിനും കർത്താവാകുന്നു.'' മത്താ.12:8 - ''മനുഷ്യപുത്രനൊ ശബ്ബത്തിനും കർത്താവാകുന്നു.'' ഈ പരിച്ഛേദന എന്ന ചട്ടവും ശബ്ബത്തെന്ന ചട്ടവും കർത്താവ് എന്ത് ചെയ്തെന്ന് കൊലോസ്യലേഖനം 2-ൽ 14,15-ൽ പറഞ്ഞിരിക്കുന്നു. "അതിക്രമങ്ങളൊക്കെയും നമ്മോട് ക്ഷമിച്ച ചട്ടങ്ങളാൽ നമുക്ക് വിരോധവും പ്രതികൂലവും ആയിരുന്ന കയ്യെഴുത്ത് മായിച്ച് ക്രൂശിൽ തറച്ച് നടുവിൽ നിന്ന് നീക്കിക്കളഞ്ഞു. വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെയ്പിച്ച് ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ചയാക്കി".

പഴയനിയമകാലത്തെ ഭക്ഷണത്തെ സംബന്ധിച്ച ചട്ടങ്ങൾ ലേവ്യർ 11-ന്റെ 1 മുതലുള്ള വാക്യത്തിലും 12-ന്റെ 8 മുതലുള്ള വാക്യത്തിലുമുണ്ട്. "അയവിറക്കുന്ന വയിലും കുളമ്പ് പിളർന്നിരിക്കുന്നവയിലും നിങ്ങൾ തിന്നരുതാത്തവ: ഒട്ടകം, കുഴിമുയൽ മുതലായവ" (ലേവ്യ.11:3). അപ്പൊസ്തലപ്രവർത്തനങ്ങൾ 10-ാം അദ്ധ്യായത്തിൽ പത്രൊസ് വെൺമാടത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ അവൻ കണ്ട ദർശനത്തിൽ "അവൻ വളരെ വിശന്നിട്ട് ഭക്ഷിപ്പാൻ ആഗ്രഹിച്ചു; അവർ ഒരുക്കുമ്പോഴേക്ക് അവന് ഒരു വിവശത വന്നു. ആകാശം തുറന്നിരിക്കുന്നതും വലിയൊരു തുപ്പട്ടിപോലെ നാലുകോണും കെട്ടിയിട്ട് ഭൂമിയിലേക്ക് ഇറക്കിവിട്ട ഒരു പാത്രം വരുന്നതും അവൻ കണ്ടു. അതിൽ ഭൂമിയിലെ സകലവിധ നാൽക്കാലിയും ഇഴജാതിയും ആകാശത്തിലെ പറവയും ഉണ്ടായിരുന്നു. പത്രോസേ, എഴുന്നേറ്റ് അറുത്ത് തിന്നുക എന്നൊരു ശബ്ദം ഉണ്ടായി. അതിന് പത്രൊസ്: ഒരിക്കലും പാടില്ല കർത്താവെ, മലിനമൊ അശുദ്ധമൊ ആയതൊന്നും ഞാൻ ഒരുനാളും തിന്നിട്ടില്ലല്ലോ. ആ ശബ്ദം രണ്ടാം പ്രാവശ്യം അവനോട്: ദൈവം ശുദ്ധീകരിച്ചത് നീ മലിനമെന്ന് വിചാരിക്കരുത് എന്ന് പറഞ്ഞു. ഇങ്ങനെ മൂന്ന് പ്രാവശ്യം ഉണ്ടായി. ഉടനെ പാത്രം തിരികെ ആകാശത്തിലേക്ക് വലിച്ചെടുത്തു."

ഭക്ഷണനിയമങ്ങളും, ശബ്ബത്തും, പരിച്ഛേദനയും എന്നു വേണ്ട പഴയനിയമവ്യവസ്ഥകളിൽ, അനവധി നമ്മുടെ കർത്താവ് ചീന്തിക്കളഞ്ഞു. അപ്പോൾ പഴയനിയമബദ്ധമായ കാര്യങ്ങളിൽ പുതിയനിയമവെളിച്ചം കടന്നുകടന്നു വരുമ്പോൾ അഭിഷേകത്തെപ്പറ്റിയും അതിന്റെ ലഭ്യതയെപ്പറ്റിയും പുതിയപുതിയ വെളിപ്പാടുകൾക്ക് നാം നമ്മെത്തന്നെ സമർപ്പിക്കണം.

**നാം ക്രിസ്തുവിലാണ്**

ക്രിസ്തുവിന്റെ ജഡം ക്രൂശിനോടുകൂടെ ക്രൂശിക്കപ്പെട്ടു. യഥാർത്ഥത്തിൽ അത് നമുക്ക് പ്രതികൂലമായിരുന്നു. ജഡമെന്നു പറയുന്നത് എപ്പോഴും സാത്താനുമായിട്ട് ബന്ധമുള്ളതാണ്. ജഡത്തെ ക്രിസ്തു ക്രൂശിച്ചതുകൊണ്ടാണ് സാത്താൻ തോറ്റത്. നമ്മുടെയും ജഡം ക്രിസ്തുവിനോടുകൂടി ക്രൂശിച്ചു എന്നത് ക്രിസ്തു ക്രൂശിക്കപ്പെട്ടതുകൊണ്ട് ശരിയുമാണ്. പക്ഷേ, സാത്താൻ നമ്മെ പലപ്പോഴും തോല്പിക്കാറില്ലേ? എന്നാൽ ക്രിസ്തു ക്രൂശിക്കപ്പെട്ടതുകൊണ്ട് സാത്താന്റെ പരിശോധനകളെ പരാജയപ്പെടുത്തിക്കളഞ്ഞു. ഹെബ്രാ.2-ൽ ഈ സത്യം വിളിച്ചുപറഞ്ഞിരിക്കുന്നു. "വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവർക്കുമെല്ലാം ഒരുവനല്ലോ പിതാവ്; അത് ഹേതുവായി അവൻ അവരെ സഹോദരർ എന്ന് വിളിച്ചപ്പോൾ ലജ്ജിക്കാതെ "ഞാൻ നിന്റെ നാമത്തെ എന്റെ സഹോദരന്മാരോട് കീർത്തിക്കും; സഭാമദ്ധ്യേ ഞാൻ നിന്നെ സ്തുതിക്കും" (സങ്കീ.22:22) എന്നും "ഞാൻ അവനിൽ ആശ്രയിക്കും" (സങ്കീ.18:2) എന്നും "ഇതാ ഞാനും ദൈവം എനിക്ക് തന്ന മക്കളും" (യെശ.8:18) എന്നും പറയുന്നു. "മക്കൾ ജഡരക്തങ്ങളോട് കൂടിയവർ ആകകൊണ്ട് അവനും അവരേപ്പോലെ, ജഡരക്തങ്ങളോട് കൂടിയവനായി, മരണത്തിന്റെ അധികാ

# PNEUMATOLOGY
## PART 4
# അഭിഷേകം

രിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയിൽ അടിമകളായിരുന്നവരെ യൊക്കെയും വിടുവിച്ചു" (എബ്രാ.2:11-15). യോഹന്നാൻ 12:31 കൂടി എഴുതിക്കൊണ്ട് "അവനാൽ പ്രാപിച്ച അഭിഷേകത്തിന്റെ സദ്ഭാവം കണക്കുകൂട്ടിയെടുക്കാം."

യോഹ.12:31 - "ഇപ്പോൾ ഈ ലോകത്തിന്റെ ന്യായവിധിയാകുന്നു; ഇപ്പോൾ ഈ ലോകത്തിന്റെ പ്രഭുവിനെ പുറത്ത് തള്ളിക്കളയും."

ക്രിസ്തുവിന്റെ സമ്പൂർണ്ണ വീണ്ടെടുപ്പിൽ വിശ്വാസിയായ വിശുദ്ധമനുഷ്യനെതിരായുള്ള സകല പ്രതിബന്ധങ്ങളും, ഏറ്റവും ഒടുവിൽ സാത്താനെയും പരാജയപ്പെടുത്തി, ക്രിസ്തുവേശു. അങ്ങനെയുള്ള ഒരു സത്യദൈവത്താൽ പ്രാപിച്ച അഭിഷേകത്തെയാണ് ബൈബിൾ പ്രമോട്ട് ചെയ്യുന്നത്. അങ്ങനെയിരിക്കെ ഒരു ആദ്ധ്യാത്മികവ്യക്തി അഭിഷേകം കൊടുക്കുവാൻ യോഗ്യനാണെന്ന് സ്വയം കരുതുകയും, മറ്റുള്ളവർ അയാൾ മുഖേന അഭിഷേകം കിട്ടും എന്ന് വിചാരിക്കുകയും, ചെയ്യുന്നതിലെ പാപ്പരത്തവും പിശാചിന്റെ കെണിയും തിരിച്ചറിയാനുംകൂടിയാണ് ഏതാനും ഖണ്ഡികകൾ എഴുതിയത്. സാത്താനെ നീക്കിക്കളയുകയും ലോകത്തെ ന്യായംവിധിക്കുകയും ചെയ്ത യേശുക്രിസ്തുവിനെ അനുകരിക്കുക, അനുഗമിക്കുക, അവനുണ്ടായിരുന്ന വരങ്ങളെ പ്രാധാന്യത്തോടെ പ്രാപിക്കുക അവന്റെ അപ്പൊസ്തലന്മാർക്കില്ലാതിരുന്നതൊന്നും എനിക്കും വേണ്ട എന്ന് തീരുമാനിച്ചുകൊണ്ട് Hyper Power കളെ അവ ക്രിസ്തുവിന്റേതും ആപ്പൊസ്തലികവുമല്ലാത്തതു കൊണ്ട് നമുക്ക് വേണ്ട എന്ന് തീരുമാനിക്കുക.

യോഹ.19:34-ൽ "എങ്കിലും പടയാളികളിലൊരുത്തൻ കുന്തംകൊണ്ട് അവന്റെ വിലാപ്പുറത്ത് കുത്തി; ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു". ഈ രക്തം വീണ്ടെടുപ്പിന്റെ പ്രതിരൂപാത്മകതയാണ്. വെള്ളം ജീവന്റെയും പ്രതിരൂപമാണ്.

**ഉത്ഥാനത്തോട് ബന്ധപ്പെട്ട അഭിഷേകം**

അവന്റെ സ്വർഗ്ഗാരോഹണത്തോടെയാണ് ക്രിസ്തു അത്യന്തം ഉയർത്തപ്പെട്ടത്. എഫേ.1:20,21 "അങ്ങനെ അവൻ ക്രിസ്തുവിലും വ്യാപരിച്ച് അവനെ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർപ്പിക്കുകയും സ്വർഗ്ഗത്തിൽ തന്റെ വലതുഭാഗത്ത് എല്ലാ വാഴ്ച്ചയ്ക്കും 'അധികാരത്തിനും' ശക്തിയ്ക്കും കർത്തൃത്വത്തിനും ഈ ലോകത്തിൽ മാത്രമല്ല വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകല നാമത്തിലും അത്യന്തം മീതെ





To Help us (only in india)

ഇന്ത്യയ്ക്കകത്തു നിന്നുമുള്ള സാമ്പത്തിക സഹായങ്ങൾ ഞങ്ങളുടെ ഈ അക്കൗണ്ടിലേയ്ക്ക് മാത്രം അയച്ചു തരിക

ചർച്ച് ഓഫ് ഇറ്റേണിറ്റി
A/c No: 1034 0100 205 721
ഫെഡറൽ ബാങ്ക്, തൃക്കാക്കര ബ്രാഞ്ച്,
എറണാകുളം, IFSC Code : FDRL 000 1034

Church of Eternity
A/c No: 1034 0100 205 721
Federal bank, Trikkakkara Branch
Ernakulam, IFSC Code : FDRL 000 1034

# PNEUMATOLOGY
## PART 4
# അഭിഷേകം

ഇരുത്തുകയും സർവ്വവും അവന്റെ കാല്ക്കീഴിലാക്കിവെച്ച് അവനെ സർവ്വത്തിനും മീതെ തലയാക്കി എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭയ്ക്ക് കൊടുക്കുകയും ചെയ്തിരിക്കുന്നു". ഈ മനോഹരമായ ദീർഘവചനത്തെ ആശയപരമായി പലതായി പിരിച്ചെഴുതിയാൽ ക്രിസ്തുവിന്റെ സകല യോഗ്യതകളും അവന്റെ ശരീരമായ സഭയെ അവൻ എത്ര ഉയർത്തിയിരിക്കുന്നുവെന്നും നമുക്ക് മനസ്സിലാക്കാം. അങ്ങനെയുള്ളവൻ നമ്മുടെയുള്ളിൽ വസിക്കുന്നുവെന്നാണ് 1 യോഹ.2:27-ന്റെ ഒടുവിൽ പറയുന്നത്.

**ജീവിപ്പിക്കുന്ന ആത്മാവ്**

1 കൊരി.15:45 ഇങ്ങനെയാണ്. ''ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹിയായിത്തീർന്നിരിക്കുന്നുവെന്ന് എഴുതിയിരിക്കുന്നുവല്ലോ (ഉല്പ.2:7). ഒടുക്കത്തെ ആദാം ജീവിപ്പിക്കുന്ന ആത്മാവായി." അതെ യേശു ജീവിപ്പിക്കുന്ന ആത്മാവായിത്തീർന്നു. അവന്റെ മരണ അടക്ക പുനരുത്ഥാനങ്ങളാൽ അവൻ ജീവനായി സ്വയം നമ്മിലേക്ക് പകർന്നു നൽകുന്നു. തന്റെ ഉയിർപ്പിലൂടെയും പരിശുദ്ധാത്മാവിനെ അയച്ചതിലൂടെയും അവൻ ആത്മാവായ ക്രിസ്തു ആയി മാറി. 2 കൊരി.3:17-ഉം അക്കാര്യം തന്നെ സാക്ഷ്യപ്പെടുത്തുന്നു. ''കർത്താവ് ആത്മാവാകുന്നു: കർത്താവിന്റെ ആത്മാവുള്ളേടത്ത് സ്വാതന്ത്ര്യം ഉണ്ട്." ഈ സ്വാതന്ത്ര്യം നൽകുന്ന ക്രിസ്തു ആത്മാവുതന്നെയാണ്. നമ്മുടെ വിഷയം ആത്മാഭിഷേകം. അതെത്രമാത്രം മനോഹരമായി ഇവിടെ ഇണങ്ങുന്നു.

**ആത്മാവ് വചനത്തിലുടനീളം**

തിരുവെഴുത്തുകളിലുടനീളം ആത്മാവ് ക്രമാനുഗതമായി പകർന്നുകൊടുക്കുവാൻ തയ്യാറായി നിന്ന് എഴുതുകയാണ് ബൈബിൾ മുഴുവൻ. **സ്വയത്തെ ക്രൂശിക്കാത്ത വ്യക്തിയിൽ കയറുന്ന അഭിഷേകം സാത്താനിൽ നിന്നായിരിക്കും.** ദൈവത്തിന്റെ വ്യവസ്ഥയനുസരിച്ച് സാക്ഷാൽ പരിശുദ്ധാത്മാവും, ദൈവം തന്നെയായ ആത്മാവും, ക്രിസ്തുവാകുന്ന ആത്മാവുമാകുന്ന ത്രീയേകദൈവം, എന്ന ആത്മാവ് മനുഷ്യന്റെ ഉള്ളിൽ വന്ന് വസിക്കും. അപ്പോൾ ബൈബിൾ ഇങ്ങനെ പറയുന്നതിന്റെ അർത്ഥതലങ്ങൾ നമുക്ക് മനസ്സിലാകും. ''ദൈവം ആത്മാവാണ്; അവനെ നമസ്ക്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കണം" (യോഹ.4:24). ഉദ്ദേശിക്കുന്നതെന്ത്? ബാഹ്യേന്ദ്രിയങ്ങൾകൊണ്ടോ പദാർത്ഥങ്ങൾകൊണ്ടോ മാനസാന്തരമില്ലാത്ത മനസ്സുകൊണ്ടോ അല്ല, ആത്മാവായ ദൈവത്തെ ആരാധിക്കേണ്ടത്; ശുദ്ധീകരിക്കപ്പെട്ട നമ്മുടെ ആത്മാവുകൊണ്ടും ക്രിസ്തു പഠിപ്പിച്ചതും ക്രിസ്തു ആകുന്നതുമായ സത്യം കൊണ്ടും വേണം.

പുറ.25-ൽ 1 മുതൽ 22 വരെയുള്ള വാക്യങ്ങളിൽ സമാഗമനകൂടാരം പണിയുവാൻ ദൈവം കല്പിച്ചിരിക്കുന്നു. ഈ സമാഗമനകൂടാരം ദൈവത്തിന്റെ മന്ദിരമാണ്. പ്രാകാരവും വിശുദ്ധസ്ഥലവും അതിവിശുദ്ധസ്ഥലവും, അതായത് ദൈവത്തിന്റെ ശെഖിനാ തേജസ്സിറങ്ങുന്നിടവും അതിലുണ്ട്. നമ്മുടെ ശരീരം പ്രാകാരത്തിന് തുല്യമാണ്. ദേഹി വിശുദ്ധസ്ഥലത്തോടും ആത്മാവ് അതിവിശുദ്ധസ്ഥലത്തോടും പ്രതിരൂപകാത്മകമായി യോജിക്കുന്നു. നമ്മുടെ ആളത്തം മുഴുവനിലും വ്യാപിക്കുവാനുള്ള താവളമായി നമ്മുടെ ശരീരത്തെ മാറ്റുകയാണ് ദൈവവ്യവസ്ഥ. നമ്മുടെ ആളത്തം മുഴുവനിലും ദൈവാത്മാവ് അഥവാ ദൈവതേജസ്സ് നിറഞ്ഞുനിൽക്കുന്ന സ്വർഗ്ഗീയഅവസ്ഥ. നമ്മുടെ ആത്മാവാണ് ദൈവത്തിന്റെ ഭവനം. ദൈവാത്മാവ് ആദ്യം നമ്മുടെ ആത്മാവുമായും, രണ്ടാമത് ദേഹിയുമായും, ഒടുവിൽ ശരീരവുമായും ഇഴുകിച്ചേരുന്നു. ദൈവം തന്നെ നമ്മുടെ ആത്മാവുമായി ഇഴുകിച്ചേരുന്നതിനെയാണ് വീണ്ടും ജനനം (Born again) എന്ന് യോഹന്നാൻ 3:5-ൽ വിളിച്ചിരിക്കുന്നത്.

ദൈവത്തിന്റെ ശെഖിനയായ പരിശുദ്ധാത്മാവ് നമ്മിലേക്ക് വരുന്നതിനുമുമ്പ് ദൈവത്തിന്റെ ശത്രുവായ സാത്താൻ നമ്മിലേക്ക് വരാതിരിക്കയില്ല. അവൻ നമ്മുടെ ശരീരത്തിൽ കടക്കും. ഹവ്വായുടെയും ആദാമിന്റെയും അവസ്ഥ അതുതന്നെയായിരുന്നു. അതോടെ നമുക്ക് സ്വഭാവവ്യത്യാസമുണ്ടാകുന്നു. ഇപ്രകാരമാണ് ശരീരം ജഡമായി മാറിയത്. ക്രമേണ സാത്താന് തന്റെ പൈശാചികപരിപാടികൾ നടത്താനുള്ള താവളമായി നാം മാറുകയാണ്. അവന്റെ ഉദ്ദേശം നമ്മുടെ ദേഹിയെ സ്വാധീനിക്കണം. ദേഹിയിലൂടെ വികാരസാന്ദ്രമായ അന്തരീക്ഷം ഉണ്ടാക്കി ദേഹത്തിലേക്ക് സംക്രമിപ്പിക്കണം.

# PNEUMATOLOGY
## PART 4
# അഭിഷേകം

ദേഹിയും ദേഹവും കൂടിച്ചേർന്ന് വചനബദ്ധമല്ലാത്ത ആരാധനകൾ നടത്തിക്കണം. കുടുംബബദ്ധമല്ലാത്ത ലൈംഗികവാക്കുകളും ചിന്തകളും അവയുടെ സാഫല്യത്തിനായി പ്രവൃത്തികളും ചെയ്യിക്കണം. ആത്മാവിന്റെ ഫലങ്ങളെ തകർത്തുകളയുന്ന കോപം, അനുസരണക്കേട്, അഭിഷേകക്കേട്, വിശ്വാസക്കേട്, വിശുദ്ധിക്കേട് - തുടങ്ങിയ സ്വയങ്ങളിലേക്ക് ആത്മീയവ്യക്തികളെ കൂപ്പുകുത്തിച്ച് നിരാശയുടെ കയങ്ങളിലേക്ക് കൊണ്ടുപോകണം. ഇങ്ങനെ സാത്താന്യപ്രവർത്തനങ്ങൾ ബാഹ്യതലത്തിൽ നിന്നും ആരംഭിച്ച് ആന്തരികതലത്തിലെത്തിച്ച് ദൈവീകപ്രവർത്തനങ്ങളെ തടയണം.

നാം രക്ഷിക്കപ്പെടുന്നതിനുമുമ്പ് ജഡത്തിലൂടെ സാത്താൻ വിഷം കലർത്തുമായിരുന്നു. സുവിശേഷത്താൽ മനസ്സും മന:സ്സാക്ഷിയും പ്രകാശിതമായപ്പോഴാണ് നാം രക്ഷിക്കപ്പെടുന്നത്. ആത്മാവിൽ തകർച്ചയും നുറുക്കവും ഉണ്ടാവുകയും ചെയ്തു. യേശുക്രിസ്തുവിനായി നാം നമ്മെത്തന്നെ തുറന്നുകൊടുത്തു. അപ്പോൾ യഹോവയായ യേശു തേജസ്സോടുകൂടി പരിശുദ്ധാത്മാവിൽ നമ്മുടെ ആത്മാവിലേക്ക് നമ്മുടെ ജീവനായി കടന്നു വന്നു. സ്വയത്തിലൂടെ നമ്മിൽ താവളമാക്കിയിരുന്ന സാത്താന്മാർ പരിശുദ്ധാത്മാവിന്റെ തേജസ്സിനാൽ കണ്ണു മങ്ങി അഞ്ച് അയൽപക്കത്തുപോലും നിൽക്കാനാവാതെ സ്ഥലം വിട്ടുപോവുകയും ചെയ്തു.

ഇതുവരെ നാം ഒരു യുദ്ധക്കളത്തിൽ പട നയിക്കാൻ സർവ്വസൈന്യാധിപനൊ അദ്ദേഹത്താൽ നിർദ്ദേശിക്കപ്പെട്ട ക്യാപ്റ്റനൊ ഇല്ലാത്ത അവസ്ഥയിൽ അനാഥത്വം അനുഭവിക്കുന്ന തരത്തിലായിരുന്നു. ഇടയ്ക്കിടയ്ക്ക് സാത്താനും ദൈവവും ഉള്ളിൽ കലഹിച്ചുകൊണ്ടിരിക്കയായിരുന്നു. നാം ദൈവപക്ഷത്ത് ഭക്തിയോടെയും അനുതാപത്തോടെയും വിശ്വാസവിശുദ്ധസ്വഭാവത്തോടെയും വചനാനുസൃതമായപ്പോൾ ദൈവത്താൽ സാത്താനെ തോല്പിച്ച് പോരാട്ടത്തിൽ ജയിച്ചുകൊണ്ടിരിക്കയായിരുന്നു. നാം പാപത്തെ സ്നേഹിക്കുകയും വിശുദ്ധ വിശ്വാസവചനങ്ങളെ ഉപേക്ഷിച്ചുകൊണ്ട് തെറ്റായ, ബിംബാരാധനയുൾപ്പെടെ പലവിധ അനാത്മിക സംഭവങ്ങളിലായപ്പോഴൊക്കെയും സാത്താൻ വിജയശ്രീലാളിതനായി നമ്മുടെയുള്ളിൽ വാഴുകയായിരുന്നു. മനുഷ്യന്റെ ബാഹ്യഭാഗത്തും മനസ്സിലും ദൈവത്തിന്റെയും ക്രിസ്ത്യാനിയുടെയും ശത്രുവുണ്ട് - സാത്താൻ. അന്ത:രംഗത്തിൽ അഥവാ ആത്മാവിൽ ദൈവവും ഉണ്ട്. നമുക്കിനി നിഷ്പക്ഷതയോടെ, ആരു വേണമെങ്കിലും എന്തുവേണമെങ്കിലും ചെയ്തോ എന്ന് പറയാൻ കഴിയുകയില്ല. പോരാടി ജയിച്ചേ പറ്റൂ സാത്താനെ. ഈ വിജയകരമായ പോരാട്ടത്തിനാണ് അഭിഷേകം എന്നു പറയുന്നത്.

**അഭിഷേകത്തിന്റെ ഇന്ധനം**

അഭിഷേകത്തിന്റെ ഇന്ധനം വലിച്ചെടുത്ത് ഊർജ്ജസ്വലമായി അഭിഷേകത്തിന്റെ ഗ്രീസിട്ട യന്ത്രങ്ങളാൽ ചലിക്കുന്ന ഉന്നതങ്ങളിൽ നിന്നുള്ള ശക്തിയാൽ നാം ആത്മീയമായി ഓടണം. ഇന്ത്യയിലെ ഡൽഹിയിൽ നിന്ന് അമേരിക്കയിലെ ചിക്കാഗോയിലേക്ക് നോൺസ്റ്റോപ്പായി ഓടുന്ന ഇന്ത്യൻ എയർലൈൻസിന്റെ ഫ്ളൈറ്റിൽ ഞാൻ പലവട്ടം പോയി വന്നിട്ടുണ്ട്. പതിനൊന്നിലധികം മണിക്കൂർ തുടർച്ചയായി യാത്ര ചെയ്യും. അപ്പോൾ നോൺസ്റ്റോപ്പായി ആ വിമാനം വിമാനത്തിൽ നിറച്ചിരിക്കുന്ന ഇന്ധനം വലിച്ചെടുത്താണ് ഓടുന്നത്. ഇതുപോലെ അഭിഷേകം എന്ന ഇന്ധനം മാത്രം വലിച്ചെടുത്താൽ നാമോരോരുത്തരുമാകുന്ന വിമാനം അതിശക്തമായി സുവിശേഷയാത്രയ്ക്കുള്ള കുടുംബജീവിതയാത്രയും, വ്യക്തികൾ നമ്മോടുള്ള സ്നേഹബന്ധയാത്രയും, തുടർച്ചയായ പ്രാർത്ഥനാനുഭവയാത്രയുമൊക്കെ മനോഹരമായി ചെയ്യാനിടയാകും. ഒരു പ്രാവശ്യം പ്രസ്തുത ഫ്ളൈറ്റിൽ യാത്ര ചെയ്യുമ്പോൾ കാലാവസ്ഥയുടെ ഗൗരവമുള്ള പ്രശ്നത്താൽ പാരീസിലാണെന്നാണ് എന്റെ ഓർമ്മ ഞങ്ങളുടെ ഫ്ളൈറ്റ് 3,4 മണിക്കൂർ നേരത്തേക്ക് നിർത്തിയിട്ടിട്ടാണ് വീണ്ടും യാത്ര ചെയ്തത്. ഇന്ധനം നിറയ്ക്കാനല്ല, കാലാവസ്ഥയുടെ പ്രതികൂലാവസ്ഥ കാരണം. ഇതുപോലെ നമ്മുടെ സ്വയങ്ങൾ കൊണ്ടോ സ്നേഹത്തിന്റെ പേരിലാണെങ്കിലും വർഷങ്ങളുടെ പരിചയത്തിന്റെ കാപട്യമില്ലാത്ത വിശുദ്ധഭാവം കൊണ്ടാണെങ്കിലും ദൈവത്തേക്കാൾ കൂടുതലായി മനുഷ്യരെ കരുതുന്ന വികൃതികൾ കൊണ്ടായാലും




നോൺസ്റ്റോപ്പായ നമ്മുടെ യാത്ര ചിലപ്പോൾ ചിലയിടങ്ങളിൽ നിർത്തേണ്ടതായൊക്കെ വരും.

അത്തരം വികൃതികളും സ്വയങ്ങളും കുരിശിൽ തറച്ച് നാം കൊല്ലണം, കുഴിച്ചു മൂടണം. സാത്താൻ സൗകര്യം കിട്ടുമ്പോഴെല്ലാം ജഡത്തിലുണ്ട്. ജഡത്തിൽ അവതരിച്ച പാപമാണ് സാത്താൻ. ശരീരവും സ്വയവും തമ്മിൽ വിവാഹം കഴിച്ച് അവർ തമ്മിൽ വേഴ്ചയിലാണ്. അവരുടെ വിവാഹബന്ധം വളരെ കൊല്ലങ്ങളായി തുടരുകയാണ്. അവർക്കുണ്ടായ കുഞ്ഞാണ് സാത്താൻ. സാത്താന് മുലപ്പാലൂട്ടി വളർത്തുകയാണ് ആ അമ്മ. ആ അച്ഛനവനെ കൊഞ്ചിച്ചും താലോലിച്ചും വളർത്തുകയാണ്. ദുഷിച്ച ശരീരമായ ജഡത്തിൽ പാപമുണ്ട്. ഭയപ്പെട്ട് നടുങ്ങിക്കൊണ്ടിരിക്കുന്ന മനസ്സിൽ ഭയവും, ദു:ഖവും, നിരാശയും, കുറ്റബോധവും, ആത്മഹത്യാശ്രമം തുടങ്ങിയവയും, പ്രതികാരവാഞ്ഛ യും ഉണ്ട്. പക്ഷേ നാം വീണ്ടുംജനിക്കുന്നതോടുകൂടി (യോഹ.3:5) ക്രിസ്തുവിന്റെ രക്തത്താൽ ശരിക്കും കഴുകപ്പെട്ട് ഇവയൊക്കെയും മാറും. പരിശുദ്ധാത്മാവിന്റെ ജീവനും ശക്തിയും, അവയുടെ സ്ഥാനത്ത്, നിറയും. അപ്പോൾ അഭിഷേകത്താൽ നാം ഉണരും.

**മൂന്ന് സുപ്രധാന വചനങ്ങൾ**

അമിതമായ മനുഷ്യസ്നേഹവും ലോകസ്നേഹവും നമ്മിൽ പലർക്കുമുണ്ട്. കുടുംബാംഗങ്ങൾ തമ്മിലായാലും കമിതാക്കൾ തമ്മിലായാലും മാതാപിതാക്കന്മാരും മക്കളും തമ്മിലായാലും ബാങ്കുബാലൻസിനോടായാലും സ്വന്തം ശരീരസൗന്ദര്യത്തെ ആയാലും അതൊക്കെയും അഭിഷേകം പ്രാപിക്കുവാൻ വലിയ തടസ്സമാണ്. ബിംബമറിയങ്ങളെ ആയാലും കുർബ്ബാനയെ ആയാലും പട്ടത്വത്തെ ആയാലും - അതൊക്കെയും അഭിഷേകം പ്രാപിക്കുന്നതിന് തടസ്സം തന്നെയാണ്. അതുകൊണ്ട് മൂന്ന് വചനങ്ങൾ താഴെയെഴുതാം. ആ വചനങ്ങളെടുത്തുവെച്ച് നാലഞ്ചു മണിക്കൂറുകൾ വീതം ധ്യാനിച്ചാൽ അഭിഷേകത്തിന്റെ തടസ്സങ്ങളൊക്കെയും മാറിപ്പോകും.

I. "എന്റെയടുക്കൽ വരികയും അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും യഹോദരികളെയും സ്വന്തം ജീവനെയുംകൂടെ പകയ്ക്കാതിരിക്കുകയും ചെയ്യുന്നവന് എന്റെ ശിഷ്യനായിരിക്കുവാൻ കഴിയുകയില്ല. തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്റെ പിന്നാലെ വരാത്തവനും എന്റെ ശിഷ്യനായിരിക്കുവാൻ കഴിയുകയില്ല" (ലൂക്കോ.14:26,27).

II. "പിന്നെ അവൻ എല്ലാവരോടും പറഞ്ഞത് : എന്നെ അനുഗമിക്കാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ചിട്ട് നാൾതോറും തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ. ആരെങ്കിലും തന്റെ ജീവൻ രക്ഷിച്ചാൽ ഇച്ഛിച്ചാൽ അതിനെ കളയും. എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാലൊ അതിനെ രക്ഷിക്കും. ഒരു മനുഷ്യൻ സർവ്വലോകവും നേടിയിട്ട്

**വിദേശത്തുനിന്നും ആത്മാഭിഷേകം പ്രോഗ്രാമുകളെ സഹായിക്കുവാൻ ആഗ്രഹിക്കുന്നവർ ദയവായി താഴെ എഴുതിയ കാര്യങ്ങൾ ശ്രദ്ധിക്കണമെ**

**വിദേശകറൻസി ആയിട്ടു മാത്രം സഹായം സ്വീകരിക്കാവുന്ന FCRA അക്കൗണ്ട്**
**(ഇന്ത്യൻ കറൻസിയൊ കൺവർട്ട് ചെയ്ത ഇന്ത്യൻ മണിയൊ അയയ്ക്കാൻ പാടില്ല)**

| | | |
|---|---|---|
| Account name | : | Church of Eternity |
| Account No. | : | 5020 0000 967756 |
| Bank Name | : | HDFC |
| Branch | : | Vazhakala, Ernakulam, Kerala, S.India |
| IFSC Code | : | HDFC 000 1508 |
| SWIFT Code | : | HDFC INBB |
| FCRA No. | : | 052 850 563 (Current Account) |

**ട്രസ്റ്റുകളുടെ പേരിൽ സഹായം അയയ്ക്കുവാൻ അനുവാദമില്ലാത്ത രാജ്യങ്ങളിൽ നിന്നും ഇന്ത്യൻ മണിയിലേക്ക് കൺവർട്ട് ചെയ്ത് ഈ അക്കൗണ്ടിലേക്ക് അയയ്ക്കാവുന്നതാണ്.**

| | | |
|---|---|---|
| Account name | : | Devasia M.V |
| Account No. | : | 10340100190147 |
| Bank Name | : | Federal Bank |
| Branch | : | Thrikkakara, Ernakulam, kerala, S.India |
| IFSC Code | : | FDRL 0001034 |
| SWIFT Code | : | FDRLINBBIBD |

തന്നെത്താൻ നഷ്ടമാക്കിക്കളയുകയോ ചേതം വരുത്തുകയോ ചെയ്താൽ അവന് എന്ത് പ്രയോജനം"? (ലൂക്കോ.9:23-25).

III. "ആമേൻ, ആമേൻ. ഞാൻ നിങ്ങളോട് പറയുന്നു കോതമ്പ് മണി നിലത്തുവീണ് ചാകുന്നില്ല എങ്കിൽ അതു തനിയെ ഇരിക്കും. ചത്തു എങ്കിലോ വളരെ വിളവ് ഉണ്ടാകും. തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതിനെ കളയും, ഈ ലോകത്തിൽ തന്റെ ജീവനെ പകയ്ക്കുന്നവൻ അതിനെ നിത്യജീവനായി സൂക്ഷിക്കും". (യോഹ.12:24,25).

നമ്മുടെ ദേഹത്തെയും ദേഹിയെയും (അതിന്റെ സ്വയങ്ങളെ) നഷ്ടമാക്കിക്കൊണ്ട് അഭിഷേകത്തെ നാം പ്രാപിക്കണം. നമ്മുടെ സ്വാഭാവികജീവനെയും സ്വാഭാവികശക്തിയെയും മരിപ്പിക്കുമ്പോൾ നമ്മുടെ ദേഹവും ദേഹിയും തകരും. അപ്പോൾ അഭിഷേകം വളരും. ക്രൂശിതാനുഭവം സ്വജീവിതത്തിലേക്ക് പ്രവേശിക്കുമ്പോൾ നമ്മെത്തന്നെ മരണത്തിനേൽപ്പിക്കുമ്പോൾ, സ്വയത്തിന്മേൽ ക്രൂശ് വച്ചുകൊണ്ട് (ഈഗോകൾ, സൂപ്പർ ഈഗോകൾ, ഇദ്ദുകൾ, അഹങ്കാരം, അസൂയ ഇവ ആത്മയീതലത്തിലുണ്ടായാൽ തകർച്ച തന്നെയായിരിക്കും) എല്ലായ്പ്പോഴും ദേഹത്തെയും ദേഹിയേയും നിയന്ത്രിക്കുവാൻ നമുക്ക് സാധിക്കണം. അപ്പോൾ അഭിഷേകം കത്തിപ്പടരും. നാം എപ്പോഴും ക്രൂശിന്മേലായിരിക്കണം. നമ്മുടെ വ്യവസ്ഥാപിതമായ ഭാര്യാഭർത്തൃബന്ധം ഒഴികെയുള്ള ലൈംഗികചിന്തകളുടെമേൽ ഇപ്പോൾത്തന്നെ ക്രൂശും മുൾമുടിയും അമർത്തിവെയ്ക്കണം. നമ്മുടെ വ്യവസ്ഥാപിതമായ അന്നന്നുവേണ്ട ആഹാരത്തിനും വസ്ത്രത്തിനും പാർപ്പിടത്തിനുമുള്ളതല്ലാതെയുള്ള സമ്പാദ്യത്തിന്റെ മേൽ ഇപ്പോൾ തന്നെ ക്രൂശും മുൾമുടിയുംവച്ച് അമർത്തണം. വിദ്യാഭ്യാസം, സൗന്ദര്യം, പ്രപഞ്ചയാത്ര, ബന്ധുമിത്രാദികളിലൂടെ ആർജ്ജിച്ചെടുത്ത ആനന്ദം, നേട്ടങ്ങൾ, സമ്മാനങ്ങൾ, ജോലി ചെയ്യുമ്പോഴുള്ള അംഗീകാരമുള്ള ഉയരങ്ങൾ - എല്ലാവയുടെയും മേൽ ക്രൂശുവച്ച് ഞെക്കണം, മുൾമുടിവച്ച് അടിച്ച് താഴ്ത്തണം. സംഭാഷണത്തിലെ ഓരോ നിമിഷങ്ങളിലും ഫോണിംഗിലെയും ചാറ്റിംഗിലെയും ഓരോ നിമിഷങ്ങളിലും ഞാൻ ക്രൂശും മുൾമുടിയും വച്ചിട്ടുണ്ടോ? സ്വയത്തെ ത്യജിക്കുവാനും ക്രൂശെടുക്കുവാനും നമുക്ക് മാത്രമായി കഴിയില്ല. പരിശുദ്ധാത്മാവിന് കഴിയും. ഇപ്പോൾത്തന്നെ നാം നമ്മെ

## പ്ലാസ്റ്റിക് സർജറി മാറിപ്പോയി



എന്റെ പേര് കൃഷ്ണൻ. വളയൻചിറയാണ് വീട്. ആലുവയിൽ വച്ച് ഒരു ബൈക്ക് ആക്സിഡന്റ് ഉണ്ടായി. കാലിന് സാരമായ പരിക്ക് പറ്റി. കോട്ടയം മെഡിക്കൽ കോളേജിൽ കൊണ്ടുപോയി. വളരെ അടിയന്തിരമായി പ്ലാസ്റ്റിക് സർജറി വേണമെന്ന് ഡോക്ടർ പറഞ്ഞു. എന്നാൽ വളരെ പണച്ചിലവുള്ള ചികിത്സയ്ക്ക് മാർഗ്ഗമില്ലാത്തതുകൊണ്ട് ദേവസ്യാമുല്ലക്കര സാറിനെ വിളിച്ച് പ്രാർത്ഥിപ്പിക്കുകയുണ്ടായി. സാർ പറഞ്ഞു, കർത്താവ് ഇടപെടും ധൈര്യമാവുക. പ്ലാസ്റ്റിക് സർജറി വേണ്ടിവരികയില്ല. ഡോക്ടറുമായി സംസാരിച്ചപ്പോൾ പ്ലാസ്റ്റിക് സർജറി കൂടാതെ ഓപ്പറേഷൻ ചെയ്താൽ മുറിവ് പഴുക്കാൻ സാധ്യതയുള്ളതുകൊണ്ട് നിങ്ങൾ മറ്റൊരു ആശുപത്രിയിലേക്ക് പൊയ്ക്കൊള്ളു എന്ന് പറഞ്ഞ് ഞങ്ങളെ വിടുകയാണ് ചെയ്തത്. അത്ഭുതമെന്ന് പറയട്ടെ, ഞങ്ങൾ ചെന്ന ആശുപത്രിയിലെ ഡോക്ടർ പ്ലാസ്റ്റിക് സർജറി കൂടാതെ തന്നെയുള്ള ഓപ്പറേഷൻ ചെയ്തു. കാൽ പഴുക്കുകയോ മറ്റ് യാതൊരു ബുദ്ധിമുട്ടുകളൊ ഒന്നുമില്ലാതെ കർത്താവിനാൽ സൗഖ്യമായി. കൂടാതെ ജനുവരി മാസം തൃപ്പൂണിത്തുറയിൽ നടന്ന മീറ്റിംഗിൽ പങ്കെടുത്ത് പ്രാർത്ഥിപ്പിച്ചപ്പോൾ ബെൽറ്റ് ഊരിമാറ്റുവാനും കർത്താവ് കൃപ തന്നു. ഇന്നും ജീവിക്കുന്ന ദൈവത്തിന് ഹൃദയപൂർവ്വം നന്ദി.

**കൃഷ്ണൻ, ph:90724884497**

# PNEUMATOLOGY PART 5 അഭിഷേകം

പരിശുദ്ധാത്മാവിന് വിട്ടുകൊടുക്കുക!

**ആത്മീയപോരാട്ടം**

എന്താണ് ആത്മീയപോരാട്ടവും അഭിഷേകവും തമ്മിലുള്ള ബന്ധം? ദൈവരാജ്യം കൊണ്ടുവരിക എന്നതാണ ആത്മീയപോരാട്ടത്തിന്റെ ലക്ഷ്യം. അഭിഷേകത്തിന്റെ ലക്ഷ്യം സഭയെ വളർത്തുക എന്നതുമാണ്. സഭയിലൂടെയല്ലാതെ ദൈവരാജ്യത്തെയും ദൈവരാജ്യചിന്തയിലൂടെയല്ലാതെ സഭയെയും വളർത്തുക എന്നത് നടക്കുകയില്ലാത്ത കാര്യമാണ്.

നമുക്ക് മത്തായി 12-ലെ ചില തിരുവചനങ്ങളിലേക്ക് പോകാം. ''ഒരു രാജ്യം തന്നിൽത്തന്നെ ഛിദ്രിച്ചു എങ്കിൽ ശൂന്യമാകും; ഒരു പട്ടണമൊ ഗൃഹമൊ തന്നിൽത്തന്നെ ഛിദ്രിച്ചു എങ്കിൽ നിലനിൽക്കുകയില്ല. സാത്താൻ സാത്താനെ പുറത്താക്കുന്നുവെങ്കിൽ അവൻ തന്നിൽത്തന്നെ ഛിദ്രിച്ചുപോയല്ലോ; പിന്നെഅവന്റെ രാജ്യം എങ്ങനെ നിലനിൽക്കും? ഞാൻ ബെയെസെബൂലിനെക്കൊണ്ട് ഭൂതങ്ങളെ പുറത്താക്കുന്നുവെങ്കിൽ, നിങ്ങളുടെ മക്കൾ ആരെക്കൊണ്ട് പുറത്താക്കുന്നു? അതുകൊണ്ട് അവർ നിങ്ങൾക്ക് ന്യായാധിപന്മാർ ആകും. ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നുവെങ്കിലോ ദൈവരാജ്യം നിങ്ങളുടെയിടയിൽ വന്നെത്തിയിരിക്കുന്നു, സ്പഷ്ടം. ബലവാനെ പിടിച്ച്കെട്ടീട്ടല്ലാതെ ബലവാന്റെ വീട്ടിൽ കടന്ന് അവന്റെ കോപ്പ് കവർന്ന് കളവാൻ എങ്ങനെ കഴിയും? പിടിച്ച് കെട്ടിയാൽ പിന്നെ അവന്റെ വീട് കവർച്ച ചെയ്യാം'' (മത്താ.12:25-29). ഇവിടെ, ഈ ഭാഗത്ത് ആത്മീയപോരാട്ടത്തെക്കുറിച്ചാണ് കർത്താവ് സംസാരിക്കുന്നത്. ഒന്നാമത്തെ കാര്യം സാത്താന് അവന്റെ സ്വന്തം രാജ്യവും സൈന്യവും മിനിസ്ട്രിയുമൊക്കെയുണ്ട്. മറ്റൊന്നിവിടെ പറയാത്തത് ദൈവത്തിനിവിടെ ദൈവത്തിന്റെയും സ്വന്തരാജ്യമുണ്ടെന്നതാണ്. അങ്ങനെയിരിക്കെ, ഭൂതങ്ങളെ പിടിച്ച് കെട്ടാത്തിടത്തോളം കാലം ദൈവരാജ്യത്തെ മനുഷ്യഹൃദയത്തിലേക്ക് കൊണ്ടെത്തിക്കുവാൻ കഴിയാതെ വരും. സുവിശേഷം എന്ന ആയുധപ്പുരയിലെ ആറായുധങ്ങൾ ഉപയോഗിച്ച് സാത്താനെ പിടിച്ചുകെട്ടണം. "നിങ്ങളുടെ അരയ്ക്ക് സത്യം കെട്ടിയും നീതി എന്ന കവചം ധരിച്ചും സമാധാനസുവിശേഷത്തിനായുള്ള ഒരുക്കം കാലിന് ചെരുപ്പാക്കിയും എല്ലാറ്റിനും മീതെ ദുഷ്ടന്റെ തീയമ്പുകളെയൊക്കെയും കെടുക്കുവാൻ തക്കതായ വിശ്വാസം എന്ന പരിച എടുത്തുകൊണ്ടും നിൽപ്പിൻ. രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ'' (എഫെ.6:14-17). ഇവയാണായുധങ്ങൾ. യുദ്ധം ആത്മീയവുമാണ്.

ഈ ആറായുധങ്ങൾ ഉപയോഗിക്കുംമുമ്പ് അവ തെറ്റാതെ ഉപയോഗിക്കാനുള്ള ട്രെയിനിംഗ് ഉണ്ട്. ശക്തവും അനുതാപജന്യവുമായ പ്രാർത്ഥനയാണ് ട്രെയിനിംഗ്. ഇങ്ങനെ ഭൂതങ്ങളെ പുറത്താക്കുന്നതോടെയാണ് ദൈവരാജ്യം ആഗതമാകുന്നത്. ഭൂതങ്ങളെ പുറത്താക്കുന്നതോടെ ദുരുപദേശസംഘടനകൾ (കൾട്ടുകൾ) താളടിയായിക്കാള്ളും. Christian cults എന്ന ക്രൈസ്തവദുരുപദേശ സംഘടനയുടെ പ്രവർത്തനങ്ങളാണ് ആദ്യം പൊളിയേണ്ടത്. ഊതി ഉന്തി വീഴ്ത്തി വലിയ അഭിഷേകമാണതെന്ന് ഭാവിക്കുന്നവരൊക്കെയും ക്രിസ്ത്യൻ കൾട്ടുകളാണ്. അനുകരണംകൊണ്ട് അന്യഭാഷകൾ സംഘടിപ്പിച്ച് ഡാൻസിന്റെ തീവ്രതയും ഹൗളിംഗിന്റെ സൗന്ദര്യവർദ്ധനയുമൊക്കെ സംഘടിപ്പിക്കുന്നവരും എല്ലാം ഏറെത്താമസിയാതെ കൾട്ടാക്കി പിശാച് മാറ്റാനിടയുണ്ട്. Non Christian സംഘടനകൾ ഉണ്ട്. അതായത് അക്രൈസ്തവമതാധിഷ്ഠിത കൾട്ടുകൾ. Occult-കൾ എന്നറിയപ്പെടുന്ന നിഗൂഢശാസ്ത്രാധിഷ്ഠിത ദുരുപദേശസംഘടനകളുണ്ട് (കൂടോത്ര മന്ത്രവാദികൾക്ക് നല്ല പ്രാധാന്യം കൊടുക്കുന്നവർ). Secular Cults അഥവാ മതേതരദുരുപദേശ സംഘടനകൾ എന്ന നിരുപദ്രവകാരികളായ (റോമൻ കത്തോലിക്കാ മതാചാരങ്ങൾ) സെക്യുലർ കൾട്ടുകളുമുണ്ട്.

ക്രൈസ്തവ ദുരുപദേശ സംഘനകളാണവയിൽ ഏറ്റവും അപകടകാരികൾ. ദി പെന്തക്കൊസ്ത് എന്ന

Fundamental Knowledge of True Theology - Chapter :20

# PNEUMATOLOGY
## PART 5

# അഭിഷേകം

ഫുൾ ഗോസപൽ ചർച്ചും, എംപറർ ഇമ്മാനുവൽ എന്ന മറിയച്ചായ്‌വുകാരും ക്രൈസ്തവ ദുരുപദേശക്കാരാണ്. വേൾഡ് വൈഡ് ചർച്ച് ഓഫ് ഗോഡ്, തിയോളജിക്കൽ റാഡിക്കലിസം, ദി വേയ് ഇന്റർനാഷണൽ, മോർമോൺസയൻസ് തുടങ്ങിയവരും ഈ വിഭാഗത്തിൽ പെടുന്നു. യഹോവാസാക്ഷികളും കൾട്ടാണ്. യേശുനാമക്കാരും കൾട്ടാണ്. ഇവർക്കൊക്കെയുമുള്ള വന്യാഗ്നിയഭിഷേകം അചിന്ത്യങ്ങളാണ്.

ചാനലിംഗ് (Channelling) പാരാനോർമ്മൽ (Paranormal) നവയുഗമന:ശാസ്ത്രം (new psycology) പ്രാണിക് ഹീലിംഗ് (pranic healing) ടൊറൊന്റൊ ബ്ലസ്സിംഗ് തുടങ്ങിയവ കൂടാതെ അതീന്ദ്രിയ ധ്യാനം (Trascendental meditation), ഇതിൽ പെട്ടതാണ് യോഗാ പരിപാടികളും. പ്രകൃത്യാരാധനാ (nature worship) മുതലായവയൊക്കെയും ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ കൾട്ടുകളാണ്. ഹിപ്നോട്ടിസം അഥവാ സമ്മോഹനവും കൗൺസിലിംഗ് എന്ന വ്യാജേന സ്ത്രീപുരുഷന്മാരോടും കഴിഞ്ഞകാല ജീവിതത്തിലെ ലൈംഗികാരാജകത്വത്തോടു ബന്ധപ്പെട്ട മായാദർശനങ്ങൾ പറഞ്ഞ് അവരെ ഭയപ്പെടുത്തി അവരുടെ രഹസ്യങ്ങൾ പുറത്ത് വിടാതിരിക്കാൻവേണ്ടി പണം വാങ്ങലും സഭയെ പൊട്ടിക്കലും ഒക്കെ നടത്തുന്നതും കരിസ്മാറ്റിക് വരങ്ങളുടെ ദുരുപയോഗവും ഒക്കെ കൾട്ടാത്മാവാണെന്ന് ഈ എഴുത്തുകാരന് നല്ലവണ്ണം അറിയാം.

മൃത ആത്മാക്കൾ മാനുഷികമാദ്ധ്യമങ്ങളിലൂടെ സഞ്ചരിക്കുന്നതിനു ഉപയോഗിക്കുന്ന ഒരുതരം മൂളലും സ്റ്റേജിലൂടെ നടന്ന് അങ്ങോട്ടുമിങ്ങോട്ടും ചില പദവിന്യാസങ്ങളിലൂടെ വേണ്ടിവന്നാൽ, ഡ്രസ്സിന്റെ കളറും കയ്യിലെയും വീട്ടിലെയും പല കാര്യങ്ങളും വ്യക്തമായി പറഞ്ഞ്, ക്രമേണ അവരുടെ വിശ്വസ്തതയെ മുതലാക്കി വൻ സ്തോത്രക്കാഴ്ചകൾ പിടുങ്ങി വൻ ജനക്കൂട്ടത്തെ ആകർഷിക്കുന്നവരുടെ പാപാത്മാവിന്റെ പേരാണ് ചാനലിംഗ്. പ്രാണിക് ഹീലിംഗുകൂടി ഈ കൂടെ നടത്തിയാൽ രോഗശാന്തിയും ആകും. കേരളത്തിൽ അടൂർ മുതൽ കൊട്ടാരക്കര വരെയും തൃശ്ശൂരും എറണാകുളത്തുമൊക്കെ ഈ ചാനലിംഗ് വീര പാസ്റ്റർമാരും ചില ബിഷപ്പുമാരും ഇറങ്ങിയിട്ടുണ്ട്. ഇതിന് വിധേയപ്പെടുന്നവർക്ക് കുറച്ചൊരാശ്വാസമൊക്കെ ലഭിക്കും. ഒടുവിൽ അവരുടെമേലും അവരുടെ കമ്പനികളുടെയും ജോലിയുടെയും കുടുംബത്തിന്റെയും മേലും സാത്താൻ പിടിമുറുക്കും. വൻ രോഗബാധയും, വൻ തകർച്ചയുമുണ്ടാകും. ഏതാണ് തെറ്റ് പറ്റാത്ത ശരിയെന്ന് ഞാൻ പറയാം. ക്രിസ്തുവും അപ്പൊസ്തലന്മാരും ചെയ്യാത്തവയുടെ പുറകെ നാം അലഞ്ഞുതിരിഞ്ഞു നടക്കരുത്. സഭ എന്നും അപ്പൊസ്തലികമായിരിക്കണം. ക്രിസ്തു അപ്പൊസ്തലന്മാരെയും പ്രവാചകന്മാരെയും പാസ്റ്റർമാരെയും നിയമിക്കും (എഫേ.4:11). സ്വയം അപ്പൊസ്തലനും പ്രവാചകനും ഇടയനും ചമയുന്നവർ പണിതുയർത്തുന്ന ധ്യാനമന്ദിരങ്ങളിൽ ആരും പോയി വഞ്ചിക്കപ്പെടരുത്. അങ്ങനെയുള്ളവരെ ആരെയും വീട്ടിലും രോഗക്കിടക്കിയിലും വിളിച്ച് വരുത്തി പ്രാർത്ഥിപ്പിക്കരുത്. അവർ കൾട്ടാണെന്ന് നിങ്ങൾക്കറിയില്ലല്ലോ. അപ്പൊസ്തലിക സഭകളോട് ചേർന്ന് മാത്രം ദൈവത്തെ ആരാധിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക – പൗരോഹിത്യ സഭകളെയും ഉപേക്ഷിക്കുക. അവയും കൾട്ടുകളായിക്കൊണ്ടിരിക്കുന്നു.



# വാർത്തകൾ
# NEWS



**<u>മതിൽക്കെട്ട് യിസ്രായേലിൽ കണ്ടെത്തി</u>**

**ദാവീദ് രാജാവ് നിർമ്മിച്ച മതിൽക്കെട്ട് യിസ്രായേലിൽ കണ്ടെത്തി:**

അരാവ: ദാവീദ് രാജാവ് യിസ്രായേലിൽ ഭരിച്ചിരുന്ന കാലത്ത് നിർമ്മിച്ചുവെന്ന് കരുതപ്പെടുന്ന മതിൽക്കെട്ട് പുരാവസ്തു ഗവേഷകർ കണ്ടെത്തി.

തെക്കൻ യിസ്രായേലിലെ അരാവ മരുഭൂമി റീജനിലെ തിമ്മ കോപ്പർ മൈൻസ് ആന്റികിറ്റീസ് സ്ഥലത്താണ് ബി.സി 10-ാം നൂറ്റാണ്ടിൽ നിർമ്മിച്ച മതിൽക്കെട്ടുകളുടെ അവശിഷ്ടങ്ങൾ കണ്ടെത്തിയത്. ഇവിടം ചെമ്പു ഖനി പ്രദേശമാണ്. 5 മീറ്റർ ഉയരത്തിലുള്ള നൂറു കണക്കിന് മീറ്റർ നീളമുള്ള മതിലുകളാണ് കണ്ടെത്തിയത്. ഈ സ്ഥലം ബൈബിളിൽ 2 ശമുവേൽ പുസ്തകം 8-ാം അദ്ധ്യായത്തിൽ പറയുന്ന പ്രകാരം ദാവീദ് നിരവധി രാജാക്കന്മാരെയും അവരുടെ സൈന്യങ്ങളെയും തോൽപ്പിച്ചു വൻ സമ്പത്ത് കൈവശപ്പെടുത്തുകുയും പിന്നെ "ഉപ്പു താഴ്‌വരയിൽവെച്ചു പതിനെണ്ണായിരം അരാമ്യരെ സംഹരിച്ചു മടങ്ങിവന്നപ്പോൾ തനിക്കു കീർത്തി സമ്പാദിച്ചു" (2 ശമു.18:13) എന്നും തുടർന്നു താൻ എല്ലാ യിസ്രായേലിനെയും വാണു എന്നും നാം ബൈബിളിൽ വായിക്കുന്നു.

ഈ പുരാതന മതിൽക്കെട്ടുകളുടെ അവശിഷ്ടങ്ങൾ ബൈബിൾ ചരിത്രസംഭവങ്ങളെ കൂടുതൽ ദൃഢപ്പെടുത്തുന്നതായി പുരാവസ്തു ഗവേഷണത്തിനു നേതൃത്വം നൽകിയ ടെൽ അവീവ് സർവ്വകലാശാലയിലെ ഡോ.എറസ് ബെൻ യൂസഫ് അഭിപ്രായപ്പെടുന്നു. ഇത് സംബന്ധിച്ച് കൂടുതൽ പരീക്ഷണങ്ങൾ നടത്തി വരികയാണെന്നും അദ്ദേഹം പറഞ്ഞു.

കടപ്പാട് : **Disciples news**

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT MONTHLYMAGAZINE ATHMABHISHEKAM

| | | |
|---|---|---|
| 1. | Place of Publication | : Kamballur |
| 2. | Periodicity of the Publication | : Monthly |
| 3. | Printer's Name | : Devasia Mullakkara |
| | Whether Citizen of India | : Indian |
| | (If foreigner, State Country of origin) | : NA |
| | Address | : Kamballur P.O., Cherupuzha 670511 |
| 4. | Publisher's Name | : Devasia Mullakkara |
| | Whether Citizen of India | : Indian |
| | (If foreigner, State Country of origin) | : NA |
| | Address | : Kamballur P.O Cherupuzha 670511 |
| 5. | Editor's Name | : Devasia Mullakkara |
| | Whether Citizen of India | : Indian |
| | (If foreigner, State Country of origin) | : NA |
| | Address | : Kamballur P.O., Cherupuzha 670511 |

I Devasia Mullakkara hereby declare that the particulars given above are true to the best of my knowledge and belief.

Sd/
Devasia Mullakkara

## ചർച്ച് ഓഫ് ഇറ്റേണിറ്റിയിലെ ഇടവകക്കാർക്കും അവരുടെ സ്നേഹ സ്വാധീനത്താൽ വരുന്നവർക്കും വേണ്ടിയുള്ള ബൈബിൾ സ്കൂൾ – 2017

**മാർച്ച് 27 തിങ്കൾ - 31 വെള്ളി**

- പൊൻകുന്നം -മുണ്ടക്കയം, എരുമേലി, കട്ടപ്പന, തൊടുപുഴ, ഇടുക്കി, കോതമംഗലം.

**ഏപ്രിൽ 24 തിങ്കൾ - 28 വെള്ളി**

- തിരുവല്ല- പത്തനംതിട്ട, കറുകച്ചാൽ, ചങ്ങനാശ്ശേരി, തിരുവല്ല, അടൂർ.

**മെയ് 29 തിങ്കൾ - ജൂൺ 2 വെള്ളി**

- ആലപ്പുഴ -കായംകുളം, ചെന്നിത്തല, ആലപ്പുഴ, ചേർത്തല

**ജൂൺ 26 തിങ്കൾ - 30 വെള്ളി**

- കോട്ടയം - കോട്ടയം, ഏറ്റുമാനൂർ, പാലാ, കടുത്തുരുത്തി, തലയോലപ്പറമ്പ്, കുറുപ്പുംപടി, കൂത്താട്ടുകുളം...

**ജൂലൈ 24 തിങ്കൾ - 28 വെള്ളി**

- തൊടുപുഴ-അടിമാലി, അടിമാലിക്കടുത്തുള്ളവ

**ആഗസ്റ്റ് 28 തിങ്കൾ - സെപ്തംബർ 1 വെള്ളി**

- എറണാകുളം - തൃപ്പൂണിത്തുറ, പെരുമ്പാവൂർ, പറവൂർ, മൂവാറ്റുപുഴ, പിറവം, ഫോർട്ട്കൊച്ചി, ചേർത്തല, എറണാകുളം, പാലാരിവട്ടം, അങ്കമാലി.

**സെപ്തംബർ 25 തിങ്കൾ - 29 വെള്ളി**

- തൃശ്ശൂർ - പാലക്കാട്, കോയമ്പത്തൂർ (2) മലപ്പുറം, നിലമ്പൂർ

**ഒക്ടോബർ 30 തിങ്കൾ - നവംബർ 3 വെള്ളി**

കാസർഗോഡ്, കണ്ണൂർ, തലശ്ശേരി, വടകര, ഇരിട്ടി, ചെമ്പേരി, പിലാത്തറ,പുളിങ്ങോം

**നവംബർ 27 തിങ്കൾ - ഡിസംബർ 1 വെള്ളി**

വയനാട് മുഴുവൻ, കോഴിക്കോട്, താമരശ്ശേരി, തിരുവമ്പാടി, പേരാമ്പ്ര

**ഡിസംബർ 11 തിങ്കൾ - 15 വെള്ളി**

കൊല്ലം, പുനലൂർ, പൂയപ്പള്ളി, കരുനാഗപ്പള്ളി



ATHMABHISHEKAM MONTHLY
2017 FEBRUARY
RNI NO. KER - MAL/2003/12060 - KL/KNR/41/2016-18

Rs.20.00

Licence to post without pre payment
NO.KL/PMG/NR/WPP/1-2/KNR/2016-2018
Published on 17th FEBRUARY 2017



ചർച്ച് ഓഫ് ഇറ്റേണിറ്റി
കുവൈറ്റിലെ മംഗഫ് ചർച്ചിലെ
പാസ്റ്ററായി സേവനമനുഷ്ഠിക്കുന്ന
Dr.Jomon Jacob–ന് അമേരിക്കയിലെ
North Central university
അരിസോണയിൽ
നിന്ന് പ്രശസ്തമായ വിധത്തിൽ
PhD ബിരുദം കൊടുത്ത

# സത്യദൈവത്തിന് ആരാധനയും പാസ്റ്റർക്ക് അനുമോദനങ്ങളും

**ചർച്ച് ഓഫ് ഇറ്റേണിറ്റിയിലെ ഇടവകക്കാർക്കും അവരുടെ സ്നേഹസ്വാധീനത്താൽ വരുന്നവർക്കും വേണ്ടിയുള്ള ബൈബിൾ സ്കൂൾ – 2017**

മാർച്ച് 27 തിങ്കൾ – 31 വെള്ളി – പൊൻകുന്നം (മുണ്ടക്കയം, എരുമേലി, കട്ടപ്പന, തൊടുപുഴ, ഇടുക്കി, കോതമംഗലം തുടങ്ങിയ ചർച്ചുകളെ പങ്കെടുപ്പിച്ചുകൊണ്ട് **CONTACT: 9048222384**

ഏപ്രിൽ 24 തിങ്കൾ – 28 വെള്ളി –തിരുവല്ല (പത്തനംതിട്ട, കറുകച്ചാൽ, ചങ്ങനാശ്ശേരി, തിരുവല്ല, അടൂർ തുടങ്ങിയ ചർച്ചുകളെ പങ്കെടുപ്പിച്ചുകൊണ്ട് **CONTACT: 9446745148**

## പാസ്റ്റർമാർക്കുവേണ്ടിയുള്ള കൃപാവര വളർച്ചാധ്യാനം

2017 ഫെബ്രുവരി 20, 21, 22, 23
(തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം)
പുളിങ്ങോം ആത്മാഭിഷേകം
വചനാശ്രമത്തിൽവെച്ച്
9947267701, 9447374860, 04985213999

## പൊതുജനത്തിനു വേണ്ടിയുള്ള രോഗസൗഖ്യാനുഭവധ്യാനം

2017 മാർച്ച് 20, 21, 22, 23, 24
(തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം, വെള്ളി)
പുളിങ്ങോം ആത്മാഭിഷേകം
വചനാശ്രമത്തിൽവെച്ച്
9947267701, 9447374860, 04985213999

## ബൈബിൾ കോളേജ്

ചർച്ച് ഓഫ് ഇറ്റേണിറ്റി ആരംഭിക്കുന്ന തിയോളജിക്കൽ സെമിനാരി.
BTh, MTh, MDiv തുടങ്ങിയ കോഴ്സുകൾ (ഇംഗ്ലീഷ്, ഹിന്ദി, മലയാളം)
അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു...
**CONTACT: 9747821875, 9947149449 (5 pm to 11 pm)**

Printed, Edited and Published by Sri. Devasia Mullakara, On behalf of Athmabhishekam.
Printed at Geethanjali Prints Kozhikode and Published from Kamballur, Cherupuzha (via) Pin - 670 511, Kasaragod(Dt).